നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# ഒരു അനീതിയുടെ മറുവശം



ഇഷ്റാത് ജഹാനും മറ്റും ഭീകരരല്ലെന്നും അവരെ സ്വാർത്ഥതാല്പര്യത്തിനായി വെറുതെ വെടിവെച്ചു കൊന്നതാണെന്നുമുള്ള അഹമ്മദാബാദ് മെട്രോപ്പൊലിറ്റൻ മജിസ്ത്രേട്ടിന്റെ റിപ്പോർട്ട് സംബന്ധിച്ച വിവരം കുടുംബാംഗങ്ങൾ അറിഞ്ഞപ്പോൾ.

(ഇൻസെറ്റിൽ ഇഷ്റാത് ജഹാൻ)

150

ഒക്ടോബർ 2009

# എം.എൽ.എ. മാർക്കും ആശ്രയം വിവരാവകാശ നിയമം!

**നി**യമസഭാ സമ്മേളനത്തിന്റെ പ്രാണൻ ചോദ്യോത്തര വേളയാണ്. സഭ സമ്മേളിക്കുന്ന ദിവസങ്ങളിലെല്ലാം ആദ്യത്തെ ഒരു മണിക്കൂർ ചോദ്യോത്തരങ്ങൾക്കായി മാറ്റി വയ്ക്കുന്നു. മന്ത്രിമാരെ പിടിച്ചുനിർത്തി വിസ്തരിക്കാൻ കിട്ടുന്ന സമയമാണ് ചോദ്യോത്തരവേള. ആകാശം ഇടിഞ്ഞു പൊളിഞ്ഞു വീണാലും ചോദ്യോത്തരവേളക്ക് മാറ്റം വരില്ല. ഇനി അത്യസാധാരണമായ എന്തെങ്കിലും ഉണ്ടായാൽ സഭാംഗങ്ങളുടെ അനുമതിയോടുകൂടി മാത്രമേ ചോദ്യോത്തരവേള ഉപേക്ഷിക്കാറുള്ളൂ.

എന്നാൽ ചോദ്യോത്തരവേള എന്ന എതിർ വിസ്താരത്തിൽനിന്നു രക്ഷപ്പെടാൻ മന്ത്രിമാർ ഈയിടെ പലതന്ത്രങ്ങളും പ്രയോഗിച്ചു തുടങ്ങിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം "വിവരം ശേഖരിച്ചുവരുന്നു" എന്ന ഉത്തരമായിരിക്കും. ഇപ്പോൾ എത്രമണിയായി എന്നു ചോദിച്ചാൽ പോലും "വിവരം ശേഖരിച്ചുവരുന്നു" എന്നു പറഞ്ഞാൽ മന്ത്രി രക്ഷപ്പെടും

ഈയിടെ ജോസഫ് എം. പുതുശ്ശേരി അത്തരമൊരു വെട്ടിൽ വീഴുകയുണ്ടായി. മൂന്നാറിൽ ഭൂമി കയ്യേറിയവർ ആരെല്ലാമാണെന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. "വിവരം ശേഖരിച്ചു വരുന്നു" വെന്ന മറുപടിയാണ് റവന്യുമന്ത്രി കെ. പി. രാജേന്ദ്രനിൽ നിന്നും ലഭിച്ചത്.

പക്ഷെ കാലം മാറിയിരിക്കുന്നു. മന്ത്രിയുടെ ഈ തന്ത്രത്തിന്നപ്പുറം ഒരു തന്ത്രമുണ്ടെന്ന് ജോസഫ് എം. പുതുശ്ശേരിക്ക് അറിയാം. അതിനാൽ അദ്ദേഹം പത്തുരൂപ ചെലവാക്കി വിവരാവകാശ നിയമപ്രകാരം റവന്യൂ വകുപ്പിനോട് വിവരം ആവശ്യപ്പെട്ടു. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ആദ്യം നൽകിയ മറുപടി രാഷ്ട്രീയക്കാരെ രക്ഷിക്കുന്ന ഒന്നായിരുന്നു. കയ്യേറ്റക്കാരിൽ 27–ാമൻ "മൊബൈൽ ടവർ" ആയിരുന്നു. തീർച്ചയായും മൊബൈൽ ടവർ വന്നു കാടു വെട്ടി തെളിയിച്ച് ഭൂമി കൈയ്യേറില്ല. അതുകൊണ്ട് വിശദാംശങ്ങൾ കിട്ടണമെന്ന് എം.എൽ.എ. ആവശ്യപ്പെട്ടു. ഇതനുസരിച്ചു നൽകിയ മറുപടിയിൽ മൊബൈൽ ടവറില്ല. ആ സ്ഥാനത്ത് എം.എം. ലംബോദരനാണുള്ളത്. ലംബോദരന്റെ മകൻ ലെജീഷിൽനിന്ന് 1.6 ഹെക്ടർ ഭൂമി ഏറ്റെടുത്തതായും രണ്ടാമത്തെ മറുപടിയിൽ പറയുന്നുണ്ട്. ഈ ലംബോദരൻ മാർക്സിസ്റ്റ് പാർട്ടിയുടെ ഇടുക്കി ജില്ലാ സെക്രട്ടറിയുടെ സഹോദരനാണ്.

**25,000 ക. പിഴ**

ആവശ്യപ്പെട്ട വിവരം യഥാസമയം നൽകാതിരുന്ന ഒരു ഉദ്യോഗസ്ഥക്ക് വിവരാവകാശ കമ്മീഷ 25,000 ക. പിഴയിട്ടു. പൂത്തൂർ വാഴക്കാല വീട്ടിൽ വി.ഒ. തോമസ് എന്നൊരാൾ കോഴിക്കോട് ആർ.ടി.ഒ. ഓഫീസിലെ രണ്ടു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ മേൽവിലാസം ആവശ്യപ്പെട്ടുകൊണ്ട് 2007 ഡിസംബർ 17ന്ന് അപേക്ഷ നൽകിയിരുന്നു. അതിന്ന് 2008 ജൂൺ 30 ന്നാണ് ജോയിന്റ് ആർ.ടി.ഒ. മറുപടി നൽകിയത്.

അപേക്ഷകന് ആവശ്യപ്പെട്ടവിവരം ഒരു ദിവസംകൊണ്ടുതന്നെ നൽകാമായിരുന്നിട്ടും അത് 195 ദിവസം വച്ചുതാമസിപ്പിച്ചത് അക്ഷന്തവ്യമാണെന്ന് വിവരാവകാശ കമ്മീഷൻ വിധിച്ചു. ❑


ജനനീതി

ഒക്ടോബർ 2009
**150**

പത്രാധിപർ:
**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:
**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**



**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org


എഡിറ്റോറിയൽ

# ജനകീയ പദ്ധതികളെ അട്ടിമറിക്കുന്ന ജനദ്രോഹികൾ

**ക**ഴിഞ്ഞ ലോകസഭ പാസാക്കിയ വിപ്ലവാത്മകമായ നിയമങ്ങളിലൊന്നായിരുന്നു തൊഴിലവകാശ നിയമം. കോൺഗ്രസ്സിന്ന് ഭൂരിപക്ഷമില്ലാത്ത സാഹചര്യത്തിൽ ഇടതുപക്ഷ കക്ഷികളുടെ പിൻബലത്തോടെ അധികാരമേൽക്കേണ്ടിവന്നപ്പോൾ ആ ഗവർമ്മേണ്ടിന്ന് ഒരു മിനിമം പദ്ധതി തയ്യാറാക്കിയിരുന്നു. അതിൽ ഉൾപ്പെട്ട ഒരു പ്രധാന ഇനമായിരുന്നു തൊഴിലവകാശ പദ്ധതി. പണിയില്ലാതെ ആരും പട്ടിണികിടക്കേണ്ട സാഹചര്യമുണ്ടാകരുത് എന്നതായിരുന്നു അതിന്റെ കാതൽ. തൊഴിൽ ചെയ്യാൻ സന്നദ്ധരായി മുന്നോട്ടു വരുന്ന വർക്ക് കൊല്ലത്തിൽ നൂറു ദിവസമെങ്കിലും പണി കൊടുക്കണമെന്നും, അങ്ങനെ പണി നൽകാൻ കഴിയാത്തപക്ഷം നഷ്ട പരിഹാരം നൽകണമെന്നുമായിരുന്നു വ്യവസ്ഥ. ലക്ഷക്കണക്കിന്നു പാവങ്ങൾക്ക് പണി നൽകാൻ സഹായിച്ച ഒരു പദ്ധതിയാണിത്. എന്നാൽ ഇപ്പോൾ ഗവർമ്മേണ്ട് ഈ നിയമം ഭേദഗതി ചെയ്യാൻ പ്ലാനിടുന്നു.

ഗവർമ്മേണ്ട് വിഭാവനം ചെയ്യുന്ന ഭേദഗതിയിലെ പ്രധാന വ്യവസ്ഥ, സ്വകാര്യ ഭൂമിയിലും തൊഴിൽ നൽകാം എന്നതാണ്. നിലവിലുള്ള നിയമപ്രകാരം പൊതുജനോപകാരപ്രദമായ പദ്ധതികൾ മാത്രമേ തൊഴിലവകാശ പദ്ധതി പ്രകാരം ഏറ്റെടുക്കാവൂ. ജലസേചനത്തിന്നുള്ള കനാൽ നിർമ്മിക്കുക, കുളം ഉണ്ടാക്കുക, റോഡ് നിർമ്മിക്കുക എന്നിങ്ങനെ സമൂഹത്തിലെ എല്ലാവർക്കും-പ്രത്യേകിച്ച് ദുർബ്ബല ജനവിഭാഗങ്ങൾക്ക്-പ്രയോജനകരമായ പദ്ധതികളാണ് തൊഴിലവകാശ പദ്ധതി പ്രകാരം ഏറ്റെടുക്കേണ്ടത്.

ഗവർമ്മേണ്ട് വിഭാവനം ചെയ്യുന്ന ഭേദഗതി പ്രകാരം സ്വകാര്യ വ്യക്തികളുടെ ഭൂമിയിലും പണി നൽകാം. അതായത് നാട്ടു പ്രമാണിയുടെ പറമ്പിൽ ഒരു കുളമോ കിണറോ ഉണ്ടാക്കാം. ചുരുക്കി പറഞ്ഞാൽ, ജനങ്ങൾ ജന്മിയുടെ കൂലിപ്പണിക്കാരായി തീരും. അയാൾ നൽകുന്ന വേതനം എത്രയായാലും ജനങ്ങൾ അതുകൊണ്ട് തൃപ്തിപ്പെടണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ജനങ്ങൾ കരാർ പണിക്കാരായി തീരും. ജനങ്ങളുടെ അധ്വാനത്തിലൂടെ നിർമ്മിക്കപ്പെട്ട കുളത്തിലോ കിണറ്റിലോ ജനങ്ങൾക്കൊരു അവകാശവുമുണ്ടാകുകയുമില്ല. ഉദ്യോഗസ്ഥന്മാരാകട്ടെ, ഉത്തരവാദിത്വങ്ങളിൽ നിന്നെല്ലാം രക്ഷപ്പെടുമെന്നതിന്നു പുറമെ അവർ അഴിമതിയിലെ പങ്കാളികളുമാകും.

എന്തിനാണിപ്പോൾ ഇത്തരത്തിലൊരു ഭേദഗതി? ആരാണിതിന്റെ പിന്നിൽനിന്ന് ചരടുവലിക്കുന്നത്? ഇപ്പോൾ നടപ്പാക്കിവരുന്ന തൊഴിലവകാശ പദ്ധതി അന്യൂനമാണെന്ന് ആരും അവകാശപ്പെടുന്നില്ല. ആന്ധ്രപോലെ അപൂർവ്വം ചില സംസ്ഥാനങ്ങളിൽ മാത്രമേ ഈ പദ്ധതി ഫലപ്രദമായി നടപ്പാക്കി വരുന്നുള്ളൂ. ഉദ്യോഗസ്ഥന്മാരുടെ താല്പര്യക്കുറവുകൊണ്ടും പൊതുപ്രവർത്തകരുടെ മേൽനോട്ടമില്ലായ്മയാലും പല സംസ്ഥാനങ്ങളിലും ഈ പദ്ധതി ഒരലങ്കാരവസ്തുവാണ്. ഇത്തരം ന്യൂനതകൾ പരിഹരിക്കാനാകണം ഗവർമ്മേണ്ടിന്റെ ശ്രദ്ധ. തൊഴിലവകാശ പദ്ധതിപോലെയുള്ള പദ്ധതികൾ വിജയിക്കണമെങ്കിൽ, പൊതുജന സഹകരണം കൂടിയേ തീരൂ. ഭരണകക്ഷിക്കാരാണ് ഇതിൽ മുൻകയ്യെടുക്കേണ്ടത്. കാരണം, ഇതിന്റെയെല്ലാം ആത്യന്തിക ഫലം -വോട്ട്- ലഭിക്കേണ്ടതു ഭരണകക്ഷിക്കാണല്ലോ.

ഇടതുമുന്നണിയുടെ പിൻബലത്തോടെ ഭരണം നടത്തുന്ന കാലത്ത് വാർന്നുവീണ മറ്റൊരു സുപ്രധാന നിയമമാണ് വിവരാവകാശനിയമം. ഭരണകക്ഷിക്കാർ താൽപര്യപൂർവ്വം പ്രവർത്തിച്ചാൽ മാത്രമേ ഈ നിയമവും ഫലപ്രദമാകൂ. ഈ നിയമത്തിന്റെ പിടിയിൽനിന്നു രക്ഷപ്പെടാൻ ശ്രമിക്കുന്നത് ഗവർമ്മേണ്ട് തന്നെയാണ്. വിവരാവകാശ കമ്മീഷനും സുപ്രീം കോടതിയും വിധിച്ചിട്ടും അനങ്ങാൻ കൂട്ടാക്കാത്തത് ഗവർമ്മേണ്ടിന്റെ പേഴ്സനെൽ വകുപ്പാണ്.

ഇവ സമീപകാലത്തെ രണ്ടു ഉദാഹരണങ്ങൾ മാത്രമാണ്. രാജീവ് ഗാന്ധിയുടെ ഭരണകാലത്ത് പാസാക്കിയ പരിസ്ഥിതി നിയമത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? കണ്ടാലറിയാത്തവണ്ണം നിയമം ഇതിന്നകം ഭേദഗതി ചെയ്തു കഴിഞ്ഞു. തങ്ങളുടെ വ്യവസായം കൊണ്ട് പരിസ്ഥിതിക്കൊരു കേടും തട്ടില്ലെന്ന് സാക്ഷ്യപത്രം എഴുതി കൊടുക്കേണ്ടത് വ്യവസായിതന്നെയാണെന്നു വരെ നിയമത്തിൽ ഭേദഗതി വരുത്തിക്കഴിഞ്ഞു. പണ്ട് ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് പാസാക്കിയ വനം നിയമത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? തീരദേശ സംരക്ഷണ നിയമത്തിന്റെ സ്ഥിതി എന്താണിപ്പോൾ?

അധികാരമേൽക്കുന്ന ഒരോ മന്ത്രിയും തന്റെ ശിങ്കിടികളുടെ താൽപര്യമനുസരിച്ച് നിയമത്തിൽ ഭേദഗതി വരുത്തുന്ന ഈ ഏർപ്പാടിന്ന് ഒരറുതി വരുത്തേണ്ടതുണ്ട്. ഏതക്രമത്തിന്നും ഒരു ന്യായം പറയാൻ കാണും; പക്ഷെ അതുകൊണ്ട് അക്രമം അക്രമമല്ലാതാവുന്നില്ല. ❑



# നീതിന്യായ നിർവ്വഹണം ഒരു പീഡനമാകുമ്പോൾ

**- സുഗതകുമാരി -**

**ക**ഴിഞ്ഞ 13 വർഷങ്ങളായി നീളുന്ന ഒരു സ്ത്രീപീഡനക്കേസിലെ ഇരയായ യുവതി എന്നോടു കരഞ്ഞു പറയുന്നു. "ഇനിയെനിക്കു വയ്യ അമ്മ. എന്നെ ഒഴിവാക്കിത്തരണേ, ഇല്ലെങ്കിൽ ഞാൻ ചത്തുകളയും".

വിതുര കേസിലെ പെൺകുട്ടിയാണിത്. അന്ന് അവൾ പെൺകുട്ടിയായിരുന്നു. ഇന്ന് ഒരു മുതിർന്ന യുവതിയാണ്. നിരക്ഷരയും ദരിദ്രയും അറിവില്ലാത്തവളുമായ ഒരു പാവപ്പെട്ട മുസ്ലീം കുടുംബത്തിലെ അംഗമായ പതിനാറുകാരിയെ അവരുടെ ബന്ധുവായ ഒരു സ്ത്രീ തൊഴിൽ വാഗ്ദാനം ചെയ്ത് കൊച്ചിയിലെത്തിക്കുന്നു.

വാണിഭക്കാരുടെ കയ്യിലാണ് അവൾ എത്തിപ്പെട്ടത്. അവിടെ അവൾ അടച്ചിടപ്പെട്ടുകയാണ്. ആരോഗ്യവും അഴകുമുള്ള ആ പെൺകുട്ടി വിലപ്പെട്ട ഒരു വരുമാന മാർഗ്ഗമാണെന്നുകണ്ട അവർ നഗരത്തിലെ പല വമ്പൻമാരേയും വിവരമറിയിച്ചതോടെ എത്ര കരഞ്ഞാലും എത്ര അപേക്ഷിച്ചാലും നിലവിളിച്ചാലും ഫലമില്ലാത്ത നരകത്തിൽ അവൾ ബന്ധിതയായിത്തീർന്നു.

അവൾ പറഞ്ഞു. "അമ്മാ ഞാൻ ചീത്തയാകാൻ പോയതല്ല, വീട്ടിലെ പട്ടിണികൊണ്ട് ഒരു വേല കിട്ടുമെന്നു വിചാരിച്ചു പോയതാണ്. ഞാൻചീത്തയല്ലമ്മാ, ഞാനറിഞ്ഞില്ല..."

ബഹുമാനപ്പെട്ട കോടതിയിൽ ചോദ്യം: അവൾക്കു രക്ഷപ്പെട്ടുകൂടായിരുന്നോ! അവൾ പറയുന്നു "വാതിക്കൽ ആ ദുഷ്ടന്മാർ എപ്പോഴും കാവലുണ്ട്. കരഞ്ഞു ബഹളമുണ്ടാക്കുമായിരുന്നു ഞാൻ. അപ്പോൾ മുഖമടച്ചാണ് അടിക്കുന്നത്. വയറ്റത്താണ് തൊഴിക്കുന്നത്. കഴുത്തിൽ പിടിച്ചു മുറുക്കി കണ്ണുതള്ളിക്കും.

മിണ്ടാതവിടെ കിടന്നില്ലെങ്കിൽ വെട്ടിനുറുക്കുമെന്നു പേടിയാക്കും. ഒരുപാടു നോവിക്കും. ഒരുപാട് ഒരുപാട്" അവൾ തുടർന്നു. "എങ്കിലും ഞാൻ നിലവിളിക്കും. വരുന്നവരോടെല്ലാം അപേക്ഷിക്കും എന്നെ ഒന്നും ചെയ്യല്ലേ എന്ന്. അപ്പോൾ അവർ ഗുളിക തരാൻ തുടങ്ങി. മൂന്നുനാലു ഗുളിക പൊടിച്ച് വായിലിട്ട് വെള്ളമൊഴിച്ച് പൊത്തിപ്പിടിച്ച് വിഴുങ്ങിക്കും. കുറച്ചു കഴിയുമ്പോ ചത്തപോലെ ഞനങ്ങു കിടക്കും എന്തുവേണേൽ ചെയ്യട്ടേ. നാവു പൊങ്ങാതെ ഞാൻ എല്ലാം സഹിക്കുമമ്മാ." പിന്നെപിന്നെ അവൾ മിണ്ടാതെയായി. നിർവ്വികാരയായി, ശിലപോലെ മരവിച്ചവളായി.

നിർബന്ധിത ലൈംഗിക പീഡനത്തിന് ഇരയായ പലരും ഇങ്ങനെ മന്ദബുദ്ധികളെപ്പോലെ മൂകരായിപ്പോകുമെന്നു മന:ശാസ്ത്രം പറയുന്നു. ഒരിക്കൽ തന്നെത്തേടിവന്ന ഒരു പരിചിത മുഖം കണ്ട് അവൾ അലറിവിളിച്ചു കാൽക്കൽ വീണു. "എന്നെ രക്ഷിക്കണെ സാറേ, എന്റെ വാപ്പേടെ അടുക്കൽ വിടണേ, ഞാൻ ചീത്തയല്ല സാറേ എന്നെ രക്ഷിക്കണേ."

ആരും രക്ഷിച്ചില്ല. അടച്ചിട്ട മുറിക്കുള്ളിൽ മേശക്കു ചുറ്റും അവൾ ഓടിപ്പാഞ്ഞതും കുപ്പികളും ഗ്ലാസുകളുമെല്ലാം വീണു പൊട്ടിയതും അവയിൽ കാൽതെന്നിവീണ് ഇഴഞ്ഞ് കട്ടിലിനടിയിലേക്കു കയറിയ അവളെ കാലിൽ പിടിച്ചു വലിച്ച് വെളിയിലേക്കിട്ടതും

നിഷ്കരുണം ഉപയോഗിച്ചതും അവൾ വിവരിക്കുന്നതുകേട്ടാൽ മനസ്സു പൊള്ളിപ്പോകും.

ബഹുമാനപ്പെട്ട കോടതി അന്നു പറഞ്ഞു: "അവളുടെ സ്വഭാവം ചീത്തയാണ്" ഈ പ്രസ്താവനക്കെതിരായി അന്നു ഞങ്ങൾ (ആദ്യ വനിതാ കമ്മീഷൻ) സുപ്രീം കോടതിവരെ പോയി. വിക്ടിമിന്റെ സ്വഭാവത്തെപ്പറ്റി വിമർശിക്കരുതെന്ന കോടതിയുടെ ശാസന സമ്പാദിച്ചതോർക്കുന്നു. ഹാ! എത്ര എളുപ്പമാണ് ഒരുവൾ പിഴച്ചവളാണെന്നു പ്രഖ്യാപിക്കുന്നത്.

അവൾ ആറു മാസത്തോളം അവരുടെ അടിമയായിക്കഴിഞ്ഞു. ഒരു റെയിഡു നടത്തി പോലീസാണ് അവളെ മോചിപ്പിച്ചത്. സമർത്ഥനും സൂക്ഷ്മദൃക്കും കരുണാലുവും ഹൃദയമുള്ളവനുമായ ഒരു പോലീസ് ഓഫീസറാണ് കേസെടുത്തതും അവളെ മോചിപ്പിച്ച് സ്വജനങ്ങളുടെ അരികിലേക്കയച്ചതും. സെൻകുമാർ!

കേസിൽ വനിതാ കമ്മീഷൻ ശക്തമായി ഇടപെട്ടിരുന്നു. മൊഴിയെടുക്കുന്ന സമയം മുതൽ പെൺകുട്ടിക്കു വേണ്ടി രണ്ടു വനിതാ അഭിഭാഷകരെ മുഴുവൻ സമയം ഏർപ്പാടു ചെയ്തതും അവളുടെ സുരക്ഷ ഉറപ്പാക്കിയതും കമ്മീഷനാണ്. ഈ കേസെടുത്ത പോലീസ് ആത്മാർത്ഥമായി അന്വേഷണം നടത്തി. അവളുടെ മൊഴി രേഖപ്പെടുത്തിയത് അഡ്വ. ശുഭലക്ഷ്മിയുടേയും അഡ്വ. ഭദ്രയുടേയും സാന്നിധ്യത്തിലാണ്. പൂർണ്ണമായും പഴുതുകൾ അടക്കപ്പെട്ടുവെന്നു തോന്നിച്ച ഒരു കേസായിരുന്നു അത്. പീഡിതയായ യുവതി മൊഴി മാറ്റിപ്പറഞ്ഞില്ല. ഒരേവാക്കുകൾ, ഒരേ നിലപാടുതന്നെ അവൾ 13 വർഷമായി ആവർത്തിക്കുന്നു.

പക്ഷെ പിന്നീട് എന്തു സംഭവിച്ചു? ഭയം! ഭയം മാത്രം! കൊന്നു കളയുമോ എന്ന ഭയം. പാവപ്പെട്ട വീട്ടുകാർക്കു കൂടെ നിർത്താൻ ഭയം. ജീവിക്കാൻ വഴിയില്ല. ചുറ്റുമുള്ളവരുടെ ക്രൂരവും പരിഹാസനിർഭരവുമായ നോട്ടങ്ങൾ, ബന്ധുക്കളുടെ ശാപവചസ്സുകൾ. അവൾ ഗതികിട്ടാത്ത ആത്മാവിനെപ്പോലെ ഉഴന്നു നടന്നു. ഇതിനിടയ്ക്ക് അവളെ വഞ്ചിച്ചുകൊണ്ടുപോയ 'താത്തയ്ക്ക്' ആശുപത്രിയിൽ വച്ചു ദുരൂഹ മരണം സംഭവിച്ചു. അതോടെ അവൾ കൂടുതൽ ഭയാതുരയായി. സൂക്ഷിക്കണമെന്നു പോലീസ് മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

സ്നേഹമുള്ള ചില കൈകൾ അവൾക്കു തുണയേകി. ഇടയ്ക്കിടെ കോടതി വിളിക്കും. പോലീസ് വന്ന് കൂട്ടിക്കൊണ്ടുപോകും; അവൾ കേസിൽ സാക്ഷിയാണ്. ചോദിച്ചതിനെല്ലാം അവൾ പേടിച്ചു പേടിച്ച് ഉത്തരം നൽകി. തിരിച്ചറിയൽ പരേഡുകളിൽ അവൾ ആരേയോ ഒക്കെ ചൂണ്ടിക്കാട്ടി. പല പേരുകളും വിളിച്ചു പറഞ്ഞു. ഒരു തിരിച്ചറിയൽ പരേഡിനു മുൻപ് ഒരാളെ കണ്ടിട്ടില്ലെന്നു പറയാൻ വേണ്ടി രഹസ്യമായി അവളുടെ വാപ്പായുടെ കയ്യിൽ ആരോ ഏൽപിച്ച 50,000 രൂപ അവൾ നിലവിളിച്ചുകൊണ്ടു തട്ടിയെറിഞ്ഞു. ആ തുക പോലീസുകാരെക്കൊണ്ടു കോടതിയിൽ കെട്ടിവയ്പിച്ചു.

അവൾ ഞങ്ങളോടു പറഞ്ഞു. "ഞാൻ അങ്ങനത്തെ കാശുണ്ടാക്കാനല്ല പോയത്; എനിക്കതു വേണ്ടാ"

അവൾ മുഖം മറച്ചാണു കോടതിയിൽ പോവുന്നത്. കോടതി, കേസു വിസ്താരം, കൂട്ടിൽ കയറ്റിനിർത്തിയുള്ള ചോദ്യം ചെയ്യൽ, പ്രതിഭാഗം വക്കീലിന്റെ പരിഹാസം നിറഞ്ഞ മൂർച്ചയുള്ള വിദഗ്ധ ചോദ്യങ്ങൾക്കു മുമ്പിൽ പതറിനിൽക്കൽ, കണ്ണീരൊഴുക്കൽ പിന്നെ വർഷങ്ങൾ അനക്കമില്ല. വീണ്ടും വിളിക്കും "വരൂ ഈ അഗ്നിപരീക്ഷ തുടരൂ."

കുറെ വർഷങ്ങൾ പറഞ്ഞപ്പോൾ ഒരു പ്രധാന കേസിലെ വിധി വന്നു. സംഭവം നടന്നത് അവളുടെ സമ്മതത്തോടെയല്ല എന്നു തെളിയിക്കാൻ വാദിഭാഗത്തിന്നു കഴിഞ്ഞിട്ടില്ല. പ്രതിയെ വെറുതെ വിടുന്നു.

അവൾ ചോദിച്ചു: "ഞാൻ എങ്ങനെ തെളിയിക്കണം? ആ മുറിയിൽ വേറാരുമില്ലായിരുന്നല്ലോ. അരുതേ എന്നു ഞാൻ കരഞ്ഞു വിളിച്ചതൊന്നും ദൈവമല്ലാതെ മറ്റാരും കേട്ടില്ലല്ലോ."

അങ്ങനെ ഇതാ വർഷം പതിമൂന്നു കഴിഞ്ഞിരിക്കുന്നു! സൂര്യനെല്ലി പെൺകുട്ടിയും ഇപ്പോൾ ഇതേനിലയിൽ നിശബ്ദയും അദൃശ്യയുമായി കഴിയുകയാണെന്നോർക്കുക. വിതുര കേസിനു മുൻപായിരുന്നു സൂര്യനെല്ലി എന്നും ദയവായി ഓർക്കുക.

ചതിക്കപ്പെട്ട ഒരു പെണ്ണിനെ എല്ലാം മറന്ന് ഒരു പുതിയ ജീവിതം നയിക്കാൻ എന്നെങ്കിലും നാം അനുവദിക്കുമോ? കുറ്റവാളികളെ ശിക്ഷിക്കണം എന്നത് ശരിയാണ്. എന്നാൽ വിചാരണ പത്തും ഇരുപതും വർഷങ്ങൾ നീണ്ടുപോയാൽ ജീവിക്കാൻ പിന്നെ സമയമെവിടെ? ഇരയായിപ്പോയ പെണ്ണിന് ആരൊരു ജോലി കൊടുക്കും? ആരവളെ സ്വീകരിക്കും

പലവട്ടവും വനിതാ സംഘടനകൾ നിർബന്ധിച്ചു. സെക്രട്ടേറിയറ്റ് നടയിൽ സത്യഗ്രഹമിരിക്കണം. പ്രതിഷേധയോഗം നടത്തണം. ചാനലുകൾ ക്ഷണിച്ചു. വരു വന്ന് എല്ലാം തുറന്നു പറയൂ. ലോകം അറിയട്ടെ.

പക്ഷെ മുറിവേറ്റ പക്ഷിയെപ്പോലെ അവൾ കിതച്ചു. പറന്നുവന്ന് ഞങ്ങളുടെ ചിറകിന്നടിയിൽ മുഖമൊളിപ്പിച്ചു.

"അമ്മാ ആരുമെന്നെ കാണണ്ട, അറിയണ്ട, എനിക്ക് ചന്തയിൽ പോകണ്ടേ? അഞ്ചു രൂപക്ക് കപ്പേം മീനും വാങ്ങിച്ച് ഉമ്മായ്ക്കും വാപ്പയ്ക്കും കൊടുക്കണ്ടേ? ഞാനാരെന്ന് അറിഞ്ഞാൽ അവരൊക്കെ കാർക്കിച്ചു തുപ്പും. ചീത്ത വിളിക്കും. ആക്ഷേപിച്ചു ചിരിക്കും. പിന്നെ ജീവിക്കാൻ സമ്മതിക്കൂല്ല. അതൊന്നും ഇനി സഹിക്കാൻ വയ്യാ. എന്നെ വെറുതെ വിടണേ!"

അവൾ കൊടും കുറ്റവാളിയെപ്പോലെ ആരുമറിയാതെ ഒളിച്ചു പാർക്കുന്നു. അവളുടെ ജീവിതം ഞങ്ങളിൽ ചിലരുടെ ചുറ്റുമായി കറങ്ങിക്കൊണ്ടിരിക്കുന്നു.

പക്ഷെ ഇപ്പോൾ 13 വർഷത്തിന്നു ശേഷം അവൾ തിരിഞ്ഞു നിൽക്കുന്നു. ക്ഷോഭത്തോടെ സംസാരിക്കുന്നു. ഇനി എനിക്കു വയ്യാ. കേസ് കൊടുത്തതു ഞാനല്ലല്ലോ. എനിക്കൊരു നഷ്ടവും ആരും തരണ്ടാ. ആരെയും ശിക്ഷിക്കാൻ എനിക്കു മോഹമില്ല. അവരൊക്കെ സുഖമായിരിക്കട്ടെ. എന്നെ ഇനിയും വിളിക്കല്ലെ.... കൂട്ടിൽ കയറ്റി നിർത്തി തൊലി പൊള്ളിക്കുന്ന ചോദ്യങ്ങൾ ചോദിക്കല്ലെ.... ഒരു തെളിവും കൊടുക്കാനില്ലെനിക്ക്; മതിയായി.

അവൾ എന്നും പരിഭ്രാന്തയാണ്. അസ്വസ്ഥയാണ്. രോഗങ്ങളും ആശങ്കകളും അവളെ തളർത്തുന്നു. ഏറെ വർഷങ്ങൾക്കുശേഷം ഇപ്പോൾ വീണ്ടും കോടതിവിളി വന്നപ്പോൾ അവൾ പറയുന്നു. "എനിക്കൊന്നും പറയാനില്ല... ഒരു തെളിവും കൊടുക്കാനില്ല... ഞാൻ വരൂല്ല....

നീ സാക്ഷിയാണ്. കോടതി വിളിച്ചാൽ ചെന്നില്ലെങ്കിൽ അറസ്റ്റ് ചെയ്തു കൊണ്ടുപോകും. ഞാൻ പറഞ്ഞപ്പോൾ അവൾ വിറച്ചുകൊണ്ടു പറഞ്ഞു.

"അറസ്റ്റ് ചെയ്യട്ടെ... എന്നെ ജയിലിലടയ്ക്കട്ടെ എനിക്കാരെയും വിശ്വാസമില്ല... കോടതിയിൽ നിന്ന് എനിക്ക് നീതി കിട്ടുമെന്ന് വിശ്വാസമില്ല." അവൾ ചോദിച്ചു. "ആ സൂര്യനെല്ലി കുട്ടിക്ക് എന്തുകിട്ടി?

എനിക്കൊന്നും വേണ്ട... അവൾ

# ഗാന്ധിജി ചീനയിൽ

ഗാന്ധിജിയെക്കുറിച്ച് രാജ്മോഹൻ ഗാന്ധി രചിച്ച "ഗുഡ്ബോട്ട്മാൻ" എന്ന കൃതിയുടെ വിവർത്തനം ഈയിടെ ചീനയിൽ പ്രസിദ്ധീകരിച്ചു. 1998-2001 കാലത്ത് ഇന്ത്യയിലെ ചീനാ അമ്പാസഡറായിരുന്ന ചൗഗാങ്ങിന്റെ പത്നി ദെങ് ജൂൻ ബിങ്ങാണ് വിവർത്തനം നിർവ്വഹിച്ചിരിക്കുന്നത്.

1998ൽ ഭർത്താവിനോടൊപ്പം ഇന്ത്യയിലെത്തിയ ദെങ് ജൂൻ ബിങ് യാദൃശ്ചികമായി ഗാന്ധിജിയുടെ പൗത്രിയായ താരയെ കാണാനിടവന്നു. താരയാണ് രാജ്മോഹൻ ഗാന്ധിയുടെ കൃതി ദെങ് ജൂൻ ബിങ്ങിന്ന് സമ്മാനിച്ചത്. അതു വായിച്ചതോടെ അവരിൽ വലിയൊരു മാറ്റം സംഭവിച്ചു.

ഗാന്ധിജിയുടെ ജീവിതത്തെപ്പറ്റി പഠിക്കാനാണ് താൻ കഴിഞ്ഞ ഏഴുകൊല്ലം വിനിയോഗിച്ചതെന്ന് ദെങ് ജൂൻ ബിങ് പറയുന്നു. രാജമോഹൻ ഗാന്ധിയുടെ അനുമതിയോടെ അവരത് ചീനാ ഭാഷയിലേക്ക് വിവർത്തനം ചെയ്തു.

ഇന്ത്യയെപ്പറ്റി ചീനക്കാർക്ക് നല്ലൊരു ധാരണയുണ്ടാക്കാനാണ് തന്റെ ആഗ്രഹമെന്ന് ജൂൻ ബിങ് പറഞ്ഞു. ചീനയിൽ ആർക്കും ഇന്ത്യയെപ്പറ്റി കാര്യമായൊന്നും അറിയില്ല. യോഗാഭ്യാസം, ബോളിവുഡ് സിനിമ, ബുദ്ധമതം എന്നിവ മാത്രമാണ് അവർക്ക് ഇന്ത്യ.

ഗാന്ധിയൻ തത്വസംഹിത തന്റെ കണ്ണു തുറപ്പിച്ചതായി ദെങ് ജൂൻ ബിങ് പറഞ്ഞു. അദ്ദേഹത്തിന്റെ ജീവിതത്തിലൂടേയും അദ്ദേഹത്തിന്റെ ആശയങ്ങളിലൂടേയും ഇന്ത്യയെക്കുറിച്ച് വളരെയേറെ പഠിക്കാൻ കഴിഞ്ഞതായി അവർ പറയുന്നു. ഇന്ത്യയെപ്പറ്റി ചീനർക്കിടയിൽ മെച്ചപ്പെട്ട ഒരു ധാരണയുളവാക്കാൻ തന്റെ വിവർത്തനം സഹായിക്കുമെന്ന് അവർ ആശിക്കുന്നു.

ഇന്ത്യയും ചീനയും തമ്മിലുള്ള സൗഹാർദ്ദവും സഹകരണവും ശക്തിപ്പെടുത്തണമെന്ന് ഗാന്ധിജി ആഗ്രഹിച്ചിരുന്നതായി ഈ കൃതി വ്യക്തമാക്കുന്നു. ദെങ് ജൂൻ ബിങ്ങിന്റെ കയ്യൊപ്പോടുകൂടിയ പുസ്തകം വാങ്ങാൻ ബീജിങ്ങിൽ തിക്കും തിരക്കുമാണ്. ❑

വാശിയോടെ പറയുന്നു. "നിങ്ങളിനി കേസിനു നിർബ്ബന്ധിച്ചാൽ ഞാൻ ചത്തു കളയും; മതി മാനം കെട്ടത്."

ബഹുമാനപ്പെട്ട നീതിപീഠത്തിനു മുന്നിൽനിന്ന് ആ നിരക്ഷരയും ദരിദ്രയുമായ പെണ്ണ് ഇപ്പോൾ സുവ്യക്തമായി പറയുന്നു. "മിണ്ടാതിരിക്കാൻ എനിക്കവകാശമുണ്ട്. എനിക്ക് ഒരു പരാതിയുമില്ല. കേസ് നടത്തിയാലും ഇല്ലെങ്കിലും ഞാനിനി വരൂല്ല. അല്ലെങ്കിൽ എന്നെ കൊന്നുകൊള്ളിൻ."

അവളുടെ കൈ പിടിച്ചുനിന്ന ഒരുവളെന്ന നിലയിൽ ഞാനും ചോദിക്കുന്നു. "ഇനിയുമുണ്ട് നാൽപതോളം കേസുകൾ ആദ്യ വിധിയാണു പ്രധാനമെങ്കിൽ ബാക്കിയുള്ളവയും അതുപോലെയല്ലേ? അവളുടെ സമ്മതത്തോടെയല്ലായിരുന്നെന്ന് ഏതുവിധം തെളിയിക്കും? അഥവാ തെളിയിക്കാൻ സാധിച്ചാൽതന്നെ ശിക്ഷ വിധിക്കപ്പെട്ടാൽതന്നെ, അയാൾ അപ്പീലിനു പോകില്ലെ? അതായത്, ഇനിയും ദശവർഷങ്ങൾ നീണ്ടുപോകാവുന്നവയാണ് എല്ലാ കേസുകളും. വയ്യാ എന്നു പറയാൻ, വേണ്ട എന്നു പറയാൻ ഇരയായ പെണ്ണിന്ന് അവകാശമില്ലേ?"

(മലയാള മനോരമ) ❑



# ആളും തരവും നോക്കി ചെയ്യേണ്ട ഒന്നല്ല സുരക്ഷാ പരിശോധന

- കെ.ടി. തോമസ് -

മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം ഈയിടെ ഒരു വിദേശയാത്രക്കായി ദൽഹി വിമാനത്താവളത്തിൽ ചെന്നപ്പോൾ അവിടത്തെ കോണ്ടിനെന്റൽ എയർലൈൻസിന്റെ സെക്യൂരിറ്റി സ്റ്റാഫ് ദേഹപരിശോധന നടത്തിയത് ഇന്ത്യയിലാകെ വലിയ ഒച്ചപ്പാടിനിടയാക്കി. അബ്ദുൾകലാം ഒഴിച്ച് ഏതാണ്ടെല്ലാവരും ഈ സുരക്ഷാ പരിശോധനയെ അധിക്ഷേപിച്ചതായിട്ടാണ് കാണുന്നത്.

വിദേശയാത്രക്കു പോകുന്നവരെ മാത്രമേ പണ്ട് സുരക്ഷാപരിശോധനക്ക് വിധേയമാക്കാറുള്ളൂ. വിമാനം റാഞ്ചുന്ന ഏർപ്പാട് തുടങ്ങിയതോടെയാണ് ആഭ്യന്തരയാത്രക്കാരേയും പരിശോധനക്ക് വിധേയമാക്കിത്തുടങ്ങിയത്. അപ്പോഴും ഉദ്യോഗസ്ഥന്മാർക്ക് വിവേചനാധികാരം ഉണ്ടായിരുന്നു. ഒരാളെ പരിശോധിക്കേണ്ട കാര്യമില്ല എന്ന് സെക്യൂരിറ്റി ഓഫീസർക്ക് ഉറപ്പുണ്ടെങ്കിൽ അയാളെ പരിശോധനയിൽനിന്ന് ഒഴിവാക്കാറുണ്ട്.

അമേരിക്കയിൽ ലോകവ്യാപാര കേന്ദ്രത്തിന്റെ നേരെ നടന്ന ഭീകരാക്രമണത്തിന്നുശേഷമാണ് എല്ലാ വിമാനയാത്രക്കാരേയും നിഷ്ക്കർഷയോടെ പരിശോധനക്ക് വിധേയമാക്കിത്തുടങ്ങിയത്. യാത്രക്കാർക്ക് ഇത് വല്ലാത്തൊരു ശല്യമാണ്. എന്നാലും അമേരിക്കയിലെ ഭീകരാനുഭവത്തിന്നു ശേഷം ആരേയും പരിശോധനയിൽനിന്ന് ഒഴിവാക്കാറില്ല. അമേരിക്കൻ പ്രസിഡണ്ടുപോലും പരിശോധനക്ക് വിധേയനാക്കപ്പെടാറുണ്ട്. (അമേരിക്കൻ പ്രസിഡണ്ടിനെ പ്രത്യേകമൊരു സുരക്ഷാസംഘമാണ് പരിശോധനക്ക് വിധേയമാക്കുന്നതെന്നാണ് കേൾവി) ഇന്ത്യയിലും സുരക്ഷാ പരിശോധന കർക്കശമാക്കപ്പെട്ടു. എന്നാൽ പ്രമാണിമാരുടെ കാര്യത്തിൽ ഇവിടെ സുരക്ഷാ പരിശോധന പതിവില്ല. പ്രമാണിമാരെ ഇങ്ങനെ പരിശോധനയിൽനിന്ന് ഒഴിവാക്കേണ്ടതുണ്ടോ?

2004 ൽ ഞാൻ കെയ്റോ വിമാനത്താവളത്തിൽ മറ്റു 32 യാത്രക്കാരോടൊപ്പം ഇരിക്കുകയായിരുന്നു. എല്ലാവരും യാത്ര തുടരാനുള്ളവരായിരുന്നു. അവിടെ എല്ലാവർക്കും ദേഹപരിശോധന നടന്നു. ബാഗെല്ലാം എക്സ്റേ പരിശോധനക്കു പുറമെ തുറന്നു നോക്കുകയും ചെയ്തു. ഈ 32 യാത്രക്കാരുടേയും പരിശോധന പൂർത്തിയാക്കാൻ ആറുമണിക്കൂർ വേണ്ടിവന്നു. എന്റെ ഊഴം വന്നപ്പോൾ അകമ്പടിക്കാരനായ ഉദ്യോഗസ്ഥൻ സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരോട് വിസ്തരിച്ചുള്ള പരിശോധന ഒഴിവാക്കാൻ അഭ്യർത്ഥിച്ചു. ഇന്ത്യയിലെ സുപ്രീം കോടതിയിൽനിന്നും റിട്ടയർ ചെയ്ത ഒരാളാണ് ഇദ്ദേഹമെന്ന് അയാൾ പറഞ്ഞു മനസ്സിലാക്കി.

അപ്പോൾ സെക്യൂരിറ്റി വിഭാഗത്തിലെ ഒരു സീനിയർ ഉദ്യോഗസ്ഥൻ എന്റെ അടുത്തുവന്നു ചോദിച്ചു. "സർ ഞങ്ങൾക്കു താങ്കളെ

വിശ്വാസമുണ്ട്. പക്ഷെ താങ്കളറിയാതെ താങ്കളുടെ ടൗസറിന്റെ പോക്കറ്റിൽ ആരും ഒരു ബോംബു നിക്ഷേപിച്ചിട്ടില്ലെന്ന് താങ്കൾക്ക് ഉറപ്പുണ്ടോ?" അങ്ങനെ ഉറപ്പു നൽകാനൊന്നും എനിക്കാവില്ലെന്ന് ഞാൻ പറഞ്ഞു. "താങ്കളുടെ ബാഗിൽ താങ്കളറിയാതെ ആരെങ്കിലും ചെറിയൊരു ബോംബ് നിക്ഷേപിച്ചിട്ടില്ലെന്ന് താങ്കൾക്ക് ഉറപ്പുണ്ടോ" എന്നായി പിന്നത്തെ ചോദ്യം. അതൊന്നും എനിക്കറിയില്ലെന്ന് ഞാൻ മറുപടി നൽകി. അപ്പോൾ അയാൾ പറഞ്ഞു. "ഞങ്ങൾ ഈ പരിശോധന നടത്തുന്നത് ഞങ്ങളുടെ സുരക്ഷിതത്വത്തിനല്ല, താങ്കളുടെ തന്നെ സുരക്ഷിതത്വത്തിനാണ്." സുരക്ഷാ പരിശോധനയിൽനിന്ന് എന്നെ ഒഴിവാക്കണമെന്ന് ഞാനൊരിക്കലും ആവശ്യപ്പെട്ടിട്ടില്ലെന്ന് ഞാനവരെ ഓർമ്മിപ്പിച്ചു.

മുൻ രാഷ്ട്രപതിയെ പരിശോധനയിൽനിന്ന് ഒഴിവാക്കേണ്ടതായിരുന്നുവെന്ന വാദം നിരർത്ഥകമാണ്. പാക്കിസ്താനിൽ സിയ പ്രസിഡണ്ടായിരുന്ന കാലത്ത് അദ്ദേഹത്തേയും അദ്ദേഹത്തോടൊപ്പമുള്ള സഞ്ചികളേയും സുരക്ഷാ പരിശോധനകളിൽനിന്ന് ഒഴിവാക്കിയിരുന്നു. അതുപോലെത്തന്നെ മാമ്പഴത്തോട് സിയാക്ക് വലിയ കമ്പമായിരുന്നുവെന്നതും ഒരു രഹസ്യമല്ല. സിയയുടെ ശത്രുക്കൾ ഒരു പാക്കറ്റ് മാമ്പഴം സിയയുടെ കാബിനിൽ വച്ചിരുന്നുവെന്നും, മാമ്പഴങ്ങളിലൊന്ന് യഥാർത്ഥത്തിൽ ഒരു ബോംബായിരുന്നുവെന്നും, വിമാനം പറന്നുയർന്നപ്പോൾ ആ "മാമ്പഴം" പൊട്ടിത്തെറിച്ചതാണ് അപകടത്തിന്ന് കാരണമായതെന്നും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

സുരക്ഷാ പരിശോധന മുൻരാഷ്ട്രപതിയെ അവഹേളിക്കലായി എന്ന ആക്ഷേപമാണ് വാസ്തവത്തിൽ അസ്വാസ്ഥ്യജനകമായത്. ഇന്ത്യയെപ്പോലുള്ള സമത്വാധിഷ്ഠിതമായ ഒരു രാജ്യത്ത് ഒരു പ്രമാണിക്കോ അതിപ്രമാണിക്കോ അവഹേളനാത്മകമായത് ഓരോ പൗരനും അവഹേളനാത്മകമായിരിക്കേണ്ടതാണ്.

ഓരോ യാത്രക്കാരന്റേയും ദേഹപരിശോധന നടത്തുക എന്നത് സുരക്ഷാ സ്റ്റാഫിന്ന് വല്ലാത്ത മടുപ്പുണ്ടാക്കുന്ന കാര്യമാണ്. ആരായാലും വല്ലാതെ തളർന്നു പോകും. ഒന്നിനു പുറമെ ഒന്നായി ആളുകളെ അടിമുടി പരിശോധിക്കുക. ആയിരക്കണക്കിന്നു യാത്രക്കാരുടെ ദേഹപരിശോധന നടത്തേണ്ടിവരും. അവരുടെ മാറാപ്പുകളുടെ പരിശോധന വേറെയും വേണം. പല യാത്രക്കാർക്കും ഇതൊന്നും രസിക്കില്ല അവർ മുഖം വീർപ്പിക്കുന്നതും കാണണം.

ഇങ്ങനെയെല്ലാമാണെങ്കിലും സെക്യൂരിറ്റി സ്റ്റാഫ് ഇതൊക്കെ ആത്മാർത്ഥതയോടെ നിർവ്വഹിക്കുന്നു. വിമാന യാത്രക്കാരുടെ ജീവന്റെ സുരക്ഷിതത്വം തങ്ങളുടെ കൈകളിലാണെന്ന് അവർക്കറിയാം. യാത്രക്കാരെ സാധാരണക്കാരെന്നും പ്രമാണിമാരെന്നും അതിപ്രമാണിമാരെന്നും മറ്റും തരംതരിച്ച് സുരക്ഷിതത്വ പരിശോധന കൂട്ടുകയും കുറയ്ക്കുകയും ചെയ്യണമെന്ന ചിന്ത പഴയ നാടുവാഴിത്ത - കോളോണിയൽ സംസ്കാരത്തിന്റെ ഒരവശിഷ്ടമാണ്. നമ്മുടെ പ്രമാണിമാരും അതിപ്രമാണിമാരും മുൻ രാഷ്ട്രപതിയെ മാതൃകയാക്കി സുരക്ഷാ പരിശോധനകൾക്ക് സ്വയം സന്നദ്ധമാകട്ടെ.

(സുപ്രീം കോടതിയിൽനിന്നും റിട്ടയർ ചെയ്ത ജഡ്ജിയാണ് ജ. കെ.ടി. തോമസ്) ❑



# സംവരണ വിരുദ്ധ സമരക്കാർ അവസാനം ബ്ലീച്ചടിച്ചു

- അനുരാധ രാമൻ -

സംവരണമുണ്ടാക്കിയ ആഘാതത്തെക്കുറിച്ച് ഒരു വിധി കൽപ്പിക്കാൻ ഒരു കൊല്ലം മതിയാകില്ലെന്നതു ശരിയാണ്. എന്നാൽ 2008 ആഗസ്റ്റിലെ സുപ്രീം കോടതി വിധിപ്രകാരം "മറ്റു പിന്നോക്ക സമുദായ"(OBC)ക്കാർക്ക് ഏർപ്പെടുത്തിയ 27 ശതമാനം സംവരണം കൈവരുത്തിയതെന്താണെന്ന് ഒന്ന് എത്തിനോക്കാൻ ഒരു കൊല്ലത്തെ അനുഭവം മതിയാകും.

OBCക്കാർക്ക് 27 ശതമാനം സംവരണം ഏർപ്പെടുത്താൻ 2006ലാണ് ഗവർമ്മേണ്ട് തീരുമാനിച്ചത്. കേന്ദ്ര ഗവർമ്മേണ്ടിൽനിന്ന് സഹായം പറ്റുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇത് ബാധകമാക്കിയിരുന്നു. വിദ്യാർത്ഥികൾ മാത്രമല്ല അധ്യാപകരും ഇതിന്നെതിരെ കലാപത്തിന്നിറങ്ങി. സമരത്തിന്റെ സിരാകേന്ദ്രമായിരുന്ന അഖിലേന്ത്യാ മെഡിക്കൽ സയൻസസ് ഇൻസ്റ്റിട്യൂട്ടിൽ പ്രവേശന പരീക്ഷക്കിരുന്ന 22,443 പേരിൽ ജയിച്ച 200 പേരിൽ 20 പേർ OBCക്കാരായിരുന്നു. സംവരണം മൂലം വിദ്യാഭ്യാസത്തിന്റെ ഗുണമേന്മക്ക് അണുപോലും കുറവു വന്നിട്ടില്ലെന്ന് അധ്യാപകർ പറയുന്നു.

OBCക്കാരെ ഉൾപ്പെടുത്തിയതുകൊണ്ട് വിദ്യാഭ്യാസ നിലവാരത്തിൽ യാതൊരു ഇടിച്ചലുമുണ്ടായിട്ടില്ലെന്ന് കാൻപൂരിലെ IITയുടെ ഡയറക്ടറായ സഞ്ജയ ഗോവിന്ദ് ധൻഡേയും പറഞ്ഞു. കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതുമൂലം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടി വരുന്നുണ്ട് എന്ന് മാത്രമാണിതിലെ പ്രശ്നം. കഴിഞ്ഞ കൊല്ലം എൻട്രൻസ് പരീക്ഷ വഴി തിരഞ്ഞെടുക്കപ്പെട്ട 564 പേരിൽ 63 പേർ OBCക്കാരായിരുന്നു. ബി.ടെക് പോലെയുള്ള അപൂർവ്വ കോഴ്സുകളിൽ മെരിറ്റ് പ്രകാരം പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ശരാശരി മാർക്ക് 10ൽ 7.92 ആണെങ്കിൽ OBCക്കാരുടേത് 10ൽ 7.2 ആയിരുന്നു. അതായത് യോഗ്യതാ ലിസ്റ്റിൽനിന്ന് പ്രവേശനം ലഭിച്ചവരുടേയും "അയോഗ്യ"രുടെ ലിസ്റ്റ് വഴി പ്രവേശനം നേടിയവരുടേയും മാർക്കുകൾക്ക് തമ്മിൽ കാര്യമായ വ്യത്യാസമൊന്നു മില്ലെന്നർത്ഥം.

അഹമ്മദാബാദിലെ IIMന്റെ കഥയും ഏതാണ്ടിതുതന്നെയാണ്. ആകെ പ്രവേശം ലഭിച്ച 297 വിദ്യാർത്ഥികളിൽ 17 പേർ OBCവിഭാഗത്തിൽ പെട്ടവരായിരുന്നു. ഇവരിൽ എല്ലാവരുംതന്നെ രണ്ടാം വർഷത്തിലേക്ക് കടന്നു. ഇൻസ്റ്റിട്യൂട്ടിൽ മാർക്കിടുന്നത് യോഗ്യത നോക്കിയോ സംവരണം നോക്കിയോ അല്ല. ആരംഭഘട്ടത്തിൽ തന്നെ ഒരു പ്രിപ്പേറട്ടറി കോഴ്സ് നടത്തുന്നു. താരതമ്യേന പിന്നണിയിലുള്ള എല്ലാവർക്കുമുള്ളതാണിത്. അതായത് "യോഗ്യ"ന്മാരും "അയോഗ്യ"ന്മാരും ഇതിലുണ്ടാകും. ക്ലാസ് ആരംഭിക്കുന്നതിന്നു മുമ്പുതന്നെ

എല്ലാവരും ഒരേ നിലയിൽ എത്തിക്കഴിഞ്ഞിരിക്കും. ആർക്കെങ്കിലും വേണ്ടി അധ്യയന നിലവാരം താഴ്ത്തുന്ന പ്രശ്നമേയില്ലെന്ന് IIM ചെയർമാൻ അബ്രഹാം കോശി പറയുന്നു. പിന്നണിയിലുള്ള വിദ്യാർത്ഥികളേയും മുന്നോട്ട് എത്തിക്കാതെ ഒരു രാജ്യത്തിന്നും പുരോഗമിക്കാനാവില്ല. നാനോ കാറിനെപ്പറ്റി സംസാരിക്കുന്നതിന്നുമുമ്പ് നമുക്ക് പിന്നണി വിദ്യാർത്ഥികളുടെ കാര്യം നോക്കേണ്ടതുണ്ട് എന്ന് അദ്ദേഹം തുടർന്നു പറഞ്ഞു.

ദൽഹിയിലെ ഹിന്ദു കോളേജിലും ലേഡി ശ്രീറാം കോളേജിലും ചരിത്രം, അർത്ഥശാസ്ത്രം, രാഷ്ട്രമീമാംസ എന്നീ കോഴ്സുകൾക്കാണ് ഏറ്റവുമധികം പിടിവലി. ഈ കോഴ്സുകളിൽ ചേർന്ന സവർണ്ണ വിദ്യാർത്ഥികളുടേയും സംവരണ വിദ്യാർത്ഥികളുടേയും മാർക്കുകൾക്ക് മൂന്നോ നാലോ ശതമാനത്തിലേറെ വ്യത്യാസമില്ല. “എന്റെ ക്ലാസിലുള്ള 35 വിദ്യാർത്ഥികളിൽ 10 പേരാണ് സംവണം വഴി പ്രവേശനം നേടിയവർ. ഈപത്തുപേരും 55 ശതമാനം മാർക്കിലധികം നേടിയാൽ ഞാൻ അത്ഭുതപ്പെടില്ല” എന്നാണ് രാഷ്ട്രമീമാംസ ക്ലാസിലെ പ്രൊ. ചന്ദ്രചൂഡ സിങ് പറഞ്ഞത്.

സെന്റ് സ്റ്റീഫൻസ് കോളേജിൽ OBCസംവരണത്തിന്നു പകരം ക്രൈസ്തവ സംവരണമാണുണ്ടായിരുന്നത്. പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും തമ്മിൽ മാർക്കിലുള്ള വ്യത്യാസം മൂന്നു ശതമാനം മാത്രമായിരുന്നു.

സുപ്രീം കോടതിയുടെ വിധിയനുസരിച്ച് എല്ലാ കോളേജുകളിലും സംവരണം നടപ്പാക്കിയെങ്കിലും; ഒരു കോളേജിലും പ്രവേശനത്തിന്നു ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ മാർക്കിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. പൊതുവെയുള്ളവർക്കും സംവരണക്കാർക്കും തമ്മിൽ മാർക്കിലുണ്ടായ പരമാവധി വ്യത്യാസം അഞ്ചോ ആറോ ശതമാനം മാത്രമാണ്. തന്മൂലം ചിലേടത്ത് ചില സീറ്റ് ഒഴിവായി കിടന്നു. ഉദാഹരണത്തിന്ന് വിവിധ IIT കളിലുള്ള 1546 സീറ്റിൽ OBCക്കാർക്ക് നീക്കിവച്ചതിൽ 43 സീറ്റിൽ പ്രവേശനം നടന്നില്ല.

സംവരണം അത്രയൊന്നും മോശമല്ലെന്ന് ഇപ്പോൾ എല്ലാവരും സമ്മതിക്കുന്നുണ്ടെങ്കിലും ചില ശങ്കകൾ ഇപ്പോഴും അവശേഷിക്കുന്നു. സംവരണ പ്രകാരം പ്രവേശനം ലഭിക്കുന്നത് സംവരണ സമുദായങ്ങളിലെ പ്രമാണിമാർക്ക് മാത്രമാണോ? പ്രവേശനം ലഭിക്കുന്ന മേൽ സമുദായക്കാരുടേയും കീഴ് സമുദായക്കാരുടേയും മാർക്കിന്നു തമ്മിൽ വലിയ വ്യത്യാസമൊന്നു മില്ലെങ്കിൽ പിന്നെ ഈ സംവരണംകൊണ്ട് എന്താണൊരു പ്രയോജനം?

അഹമ്മദാബാദ് IIM ലെ പ്രൊ. അനിൽ കെ. ഗുപ്തക്ക് ഒരു നിർദ്ദേശം സമർപ്പിക്കാനുണ്ട്. എന്തുകൊണ്ട് നവോദയ വിദ്യാലയങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു കൂടാ? എല്ലാ ജില്ലകളിലും നവോദയ സ്കൂളുകളുണ്ട്. ഏറ്റവും ദരിദ്രരായ വിദ്യാർത്ഥികളാണ് അവിടെ പഠിക്കുന്നത്. അവരെ ഉന്നത വിദ്യാഭ്യാസത്തിന്ന് എന്തുകൊണ്ട് പരിശീലിപ്പിച്ചുകൂടാ? അപ്പോൾ ഏറ്റവും അധഃസ്ഥിതരായവർക്കും ഒരവസരം ലഭിക്കും ഇല്ലേ? ❑



# കൊല്ലുന്നവർക്കിടയിൽപെട്ട് മരിക്കുന്ന പാവങ്ങൾ

- ഹർഷ മന്ദർ -

മധ്യേന്ത്യയിലെ പല മേഖലകളും പരസ്പരം കൊല്ലുന്നവർക്കിടയിൽ പെട്ട് നരകിക്കുകയാണ് ഇന്ന്. ഒരു ഭാഗത്ത് ഭരണകൂടം സംഹാരക്രിയ നടത്തുന്നു; മറുഭാഗത്ത് ഇടതുപക്ഷ തീവ്രവാദികളും അതുതന്നെ ചെയ്യുന്നു. ഈ അടിയും തിരിച്ചടിയും അറ്റമില്ലാതെ തുടരുന്നു.

നാലു ദശകങ്ങൾക്ക് മുമ്പ് ബംഗാളിലെ നക്ഷൽ ബാരിയിൽ രൂപം കൊണ്ട തീവ്രവാദ പ്രസ്ഥനം ഇന്നു പന്ത്രണ്ടു സംസ്ഥാനങ്ങളിലായി 125 ജില്ലകളിൽ വ്യാപിച്ചു കഴിഞ്ഞു. ഇതിലധികവും അതിദരിദ്രരായ ജനങ്ങൾ ജീവിക്കുന്ന വനമേഖലകളാണ്; അതിന്നപ്പുറം ചില സമ്പന്ന കാർഷിക മേഖലകളിലേക്കും അത് പടർന്നു പിടിച്ചിട്ടുണ്ട്.

തീവ്രവാദ പ്രസ്ഥാനം തലനീട്ടുമ്പോൾ അതിനെ അടിച്ചമർത്താൻ സർക്കാർ ശ്രമിക്കുന്നു. പോലീസ് “ഏറ്റുമുട്ടൽ” സംഘടിപ്പിക്കുന്നു. സംഘടിതരായ തീവ്രവാദികൾ പോലീസ് സ്റ്റേഷനുകളുടെ നേരെ ആക്രമണം നടത്തുന്നു. ഒന്നിടവിട്ട ദിവസങ്ങളിൽ ഈ അടിയും തിരിച്ചടിയും നടക്കുന്നുണ്ട്. തീവ്രവാദികൾ സംഘടിപ്പിക്കുന്ന സ്ഫോടനങ്ങളിൽ പോലീസുകാർ മാത്രമല്ല സാധാരണക്കാരും കൊല്ലപ്പെടുന്നു. പോലീസിന്റെ ചാരന്മാരാണെന്നു പറഞ്ഞ് പലരേയും തല്ലിക്കൊല്ലാറുണ്ട്. 2006ൽ സർക്കാർ കണക്കുപ്രകാരം 1509 സംഘട്ടനങ്ങൾ നടന്നു; 272 നക്ഷലുകളും 157 പോലീസുകാരും കൊല്ലപ്പെട്ടു. ഇവർക്കു പുറമെ നിർദ്ദോഷികളായ 521 സാധാരണക്കാരും കൊല്ലപ്പെട്ടിട്ടുണ്ട്. പോലീസും തീവ്രവാദികളും തമ്മിലുള്ള സംഘട്ടനങ്ങളിൽ അകപ്പെട്ടുപോകുന്നവരാണ് ഈ പാവങ്ങൾ.

കൊല്ലപ്പെട്ടവരിൽ വലിയൊരുഭാഗം നാട്ടുകാരായ ദളിതരോ ആദിവാസികളോ ആണ്. പ്രത്യയശാസ്ത്രത്താൽ പ്രചോദിതരായ യുവാക്കളാണ് പലരും. ചില യുവതികളുമുണ്ട്. കൊല്ലപ്പെട്ട പോലീസുകാരിൽ വലിയൊരു ഭാഗം ചെറുപ്പക്കാരാണ്. ഇവരിലധികവും അതി ദരിദ്രരാണ്. എന്തെങ്കിലും ഒരു ജോലിക്കുവേണ്ടി പോലീസിൽ ചേർന്ന പാവങ്ങളാണ് മിക്കവരും.

ഭീകരവിരുദ്ധ നിയമത്തിന്റെ പേരിൽ ആരേയും പിടികൂടി എത്ര കാലം വേണമെങ്കിലും ജയിലിലിടാമെന്നത് നാട്ടിലാകെ ഭീതി ജനകമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നു. ഇതിന്നുമപ്പുറം ഛത്തീസ്ഗഡിൽ ആദിവാസികളെ പിടിച്ച് സാൽവജൂഡും എന്നൊരു സായുധസേനയുണ്ടാക്കിയിട്ടുണ്ട്. ഇവരെ ആയുധമണിയിക്കുന്നത് സർക്കാർ തന്നെയാണ്. ആപൽക്കരമായ പണിയിൽനിന്ന് പോലീസിനെ ഒഴിവാക്കാൻ ആദിവാസികളെ തോക്കും കൊടുത്ത് വിട്ടിരിക്കുകയാണ്. ആഭ്യന്തര യുദ്ധത്തിന്റേതായ ഒരന്തരീക്ഷമാണിപ്പോൾ ഛത്തീസ്ഗഡിലുള്ളത്.

ഇതിന്നിടയിൽ അസ്വാസ്ഥ്യജനകമായൊരു വാർത്ത പരന്നിട്ടുണ്ട്.

നക്ഷൽ ശല്യം എന്നന്നേക്കുമായി അവസാനിപ്പിക്കാൻ സർക്കാർ അടുത്ത മഞ്ഞുകാലത്ത് (നവമ്പർ-ജനുവരി) പട്ടാളത്തെ രംഗത്തിറക്കാൻ ആലോചിക്കുന്നുവെന്നാണ് വാർത്ത. ശ്രീലങ്ക "പുലി"കളുടെ ശല്യം തീർത്തതാണ് ഇതിന്നുള്ള മാതൃക. ചരിത്രം പഠിപ്പിച്ച പാഠമെല്ലാം സർക്കാൻ ഇവിടെ അവഗണിക്കുകയാണ്. ചരിത്രപരമായ കടുത്ത അനീതികൾക്കെതിരായ ബഹുജന സമരങ്ങൾ ഒരിക്കലും ബലപ്രയോഗത്തിലൂടെ അടിച്ചമർത്താനാവില്ലെന്ന് അധികൃതർ ഓർക്കുന്നില്ല. അതേസമയം നക്ഷലുകൾ പോലീസ് സ്റ്റേഷനുകളുടെ നേരെ ആക്രമണങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ഉയർന്ന പോലീസ് ഓഫീസർമാർക്ക് പോലും സുരക്ഷിതത്വമില്ലെന്നതാണ് വാസ്തവം.

ഈ അടിയും തിരിച്ചടിയും അവസാനിപ്പിക്കാനും സമാധാനപരമായൊരന്തരീക്ഷം സൃഷ്ടിക്കാനും ഒരു സംഘം പൗരന്മാർ ഒരു ശ്രമം നടത്തുകയുണ്ടായി. നിഷ്പക്ഷരും ധാർമികമായി ഉയർന്ന നിലവാരം പുലർത്തുന്നവരുമാണ് ഈ സംഘത്തിലുള്ളത്. റിട്ടയർ ചെയ്ത ഐ.എ.എസ്. ഉദ്യോഗസ്ഥനായ എസ്.ആർ. ശങ്കരൻ 1997 ലാണ് ഇതിന്നു മുൻകൈ എടുത്തത്. പാവങ്ങൾക്ക് സാമൂഹ്യ നീതി കൈവരുത്താനായി ഏറെ പോരാടിയിട്ടുള്ള ആളാണിദ്ദേഹം. സംശുദ്ധമായ പൊതു ജീവിതത്തിന്നുടമയായ ശങ്കരൻ എല്ലാവരാലും ആദരിക്കപ്പെടുന്നു. പി.യു.സി.എൽ പ്രസിഡണ്ട് കണ്ണ ബീരൻ മനുഷ്യാവകാശ പ്രവർത്തകനായ ഹരഗോപാൽ, തുടങ്ങിയവരാണ് കമ്മിറ്റിയിലുണ്ടായിരുന്നത്.

തെലുങ്കാനയിലെ അസ്വസ്ഥമേഖലകളിൽ സമാധാനം കൈവരുത്തുന്നതിന്നായി കമ്മിറ്റി പത്തുകൊല്ലത്തോളം പ്രയത്നിച്ചു. പക്ഷെ ഫലമുണ്ടായില്ല. പരസ്പരം കൊല്ലുന്ന ഈ ഏർപ്പാടിന്നറുതി വരുത്താനായി കമ്മിറ്റി പല നിർദ്ദേശങ്ങളും സമർപ്പിച്ചു. നക്ഷലുകൾ അതിനെല്ലാം ഗൗരവമായിതന്നെ മറുപടി നൽകി. ജനങ്ങളുടെ സമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാത്തിടത്തോളം കാലം അക്രമങ്ങൾ തുടരേണ്ടി വരും എന്നാണ് നക്ഷലുകൾ പറയുന്നത്. ജനങ്ങൾക്കെതിരെ അതിക്രമങ്ങൾ നടക്കുമ്പോൾ കർഷകരേയും തൊഴിലാളികളേയും വിദ്യാർത്ഥികളേയും ക്രൂരമായി ചൂഷണം ചെയ്യുമ്പോൾ നിയമവിധേയമായോ നിയമവിരുദ്ധമായോ ആയുധമെടുത്തോ ആയുധമില്ലാതേയോ ചെറുക്കുക എന്നത് ജനങ്ങളുടെ ജന്മാവകാശമാണെന്ന് അവർ വാദിക്കുന്നു. ജന്മിമാരും മുതലാളിമാരും ഉദ്യോഗസ്ഥന്മാരും സാമ്രാജ്യവാദികളും ആദിവാസികളേയും ദളിതരേയും ന്യൂനപക്ഷങ്ങളേയും സ്ത്രീകളേയും ചൂഷണം ചെയ്തു വരുന്നതായി അവർ ആരോപിക്കുന്നു.

തങ്ങളുടെ ചെറുത്തു നില്പിന്നിടയിൽ നിർദ്ദോഷികളായ സാധാരണക്കാർക്കും ചിലപ്പോൾ അപകടം പറ്റാറുണ്ടെന്നു നക്ഷലുകൾ സമ്മതിക്കുന്നു. അത് അബദ്ധത്തിൽ പറ്റിപ്പോകുന്നതാണെന്നും തങ്ങൾ അതിന്ന് ജനങ്ങളോട് ക്ഷമാപണം നടത്താറുണ്ടെന്നും മേലിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കാമെന്നും അവർ പറഞ്ഞു.

നക്ഷലുകളുടെ നിർദ്ദേശങ്ങൾ ഗവർമ്മേണ്ടിന്നു സമർപ്പിച്ചുവെങ്കിലും ഗവർമ്മേണ്ടിൽനിന്ന് പ്രത്യേകിച്ചൊരു പ്രതികരണവുമുണ്ടായില്ല. ❑



# കടലാസിൽ ഉറങ്ങുന്ന ജനക്ഷേമ പദ്ധതികൾ

- സുബ്രതാ ദാസ് -

ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം, രാസവളം, സബ്സിഡി, കർഷകന്റെ കടം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ പല പ്രധാന വിഷയങ്ങളെക്കുറിച്ചും ബഡ്ജറ്റിൽ പരാമർശമുണ്ടെങ്കിലും ഇതിനെല്ലാം നീക്കിവച്ചിരിക്കുന്ന പണം പ്രതീക്ഷയുടെ അടുത്തെങ്ങും എത്തുന്നതല്ല.

സാധാരണക്കാരെ കൂടി ഉൾക്കൊള്ളുന്ന വിധത്തിൽ വികസന പദ്ധതികളിൽ മാറ്റം വന്നതിനെപ്പറ്റി ധനകാര്യ മന്ത്രി അഭിമാനപൂർവ്വം പരാമർശിക്കുന്നുണ്ട്. സാധാരണക്കാർക്ക് പല അവകാശങ്ങളും കൈവന്നുവെന്നാണദ്ദേഹം പറയുന്നത്.

പക്ഷെ തൊഴിലവകാശപദ്ധതിയൊഴിച്ച് വേറെ എന്തെങ്കിലും അവകാശങ്ങൾ ചൂണ്ടിക്കാണിക്കാനില്ല എന്നതാണ് വാസ്തവം. ബാക്കിയുള്ള മിക്ക പദ്ധതികളും ക്ഷേമ പദ്ധതികളാണ്. കിട്ടിയാൽ കിട്ടി, ഇല്ലെങ്കിൽ ഇല്ല എന്ന തരത്തിൽപ്പെട്ടവയാണിവ. ഗവർമ്മേണ്ടിന്ന് വലിയ ബാധ്യതയൊന്നും വരാത്ത താൽക്കാലിക പദ്ധതികാളാണ് മിക്കവയും.

ഉദാഹരണത്തിന്ന് സംയോജിത പോഷകാഹാര പദ്ധതിയെടുക്കാം. 2012 ആകുമ്പോഴേക്കും ആറുവയസ്സിന്നു താഴെയുള്ള എല്ലാവരും ഈ പദ്ധതിയിൻ കീഴിൽ വരുമെന്ന് മന്ത്രി പറയുന്നു. അതുനല്ലതാണ്. പക്ഷെ വിവിധ ജില്ലകളിൽ സംയോജിത പോഷകാഹാര പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരോട് ഗാർഹിക അതിക്രമ നിരോധന നിയമം നടപ്പാക്കുന്നതിന്റെ ചുമതലയേൽക്കാനാണ് ഗവർമ്മേണ്ടിപ്പോൾ ആവശ്യപ്പെടുന്നത്. സംയോജിത പോഷകാഹാര പദ്ധതി നടപ്പാക്കുന്നത് കൂടുതൽ ദുർബലമാകുമെന്നാണിതിന്നർത്ഥം. അതിന്നും പുറമെ ഈ പോഷകാഹാര പദ്ധതി ഇപ്പോഴും താൽക്കാലിക പദ്ധതിയാണ്. മുപ്പത്തഞ്ചുകൊല്ലം മുമ്പ് ആവിഷ്കരിച്ചു നടപ്പാക്കിയ ഈ പദ്ധതി ഇനിയും താൽകാലിക ഗണത്തിൽ നിലനിർത്തുന്നതെന്തിനാണ്? എന്തുകൊണ്ട് ഇതൊരു അവകാശമാക്കി മാറ്റിക്കൂടാ?

ദാരിദ്ര്യ രേഖക്കു താഴെയുള്ളവരുടെ ചികിത്സക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജനയെയാണ് ഗവർമ്മേണ്ട് ആശ്രയിക്കുന്നത്. പൊതുജനാരോഗ്യ പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിരുന്നുവെങ്കിൽ ഇതിന്റെ ആവശ്യം വരില്ലായിരുന്നു. പൊതുജനാരോഗ്യ പരിപാടി സ്വകാര്യ മേഖലയിൽ നിലനിർത്താനുള്ള വെമ്പലാണ് നാമിതിൽ കാണുന്നത്. ദരിദ്രർക്കെല്ലാം സൗജന്യ ആരോഗ്യ സംരക്ഷണ പരിപാടി നടപ്പാക്കുന്നതിന്നു പകരം ആരോഗ്യ ഇൻഷുറൻസിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. മിക്ക രാജ്യങ്ങളിലും ആരോഗ്യ ഇൻഷുറൻസ് പരാജയമാണ്.

2009-2010 ആകുമ്പോഴേക്കും ദേശീയോദ്പാദനത്തിന്റെ രണ്ടോ മൂന്നോ ശതമാനം പൊതുജനാരോഗ്യത്തിന്നായി നീക്കിവയ്ക്കുമെന്ന് കഴിഞ്ഞ ഗവർമ്മേണ്ടിന്റെ മിനിമം പരിപാടിയിൽ പറഞ്ഞിരുന്നു. എന്നാൽ ഇപ്പോഴും മൊത്തം ദേശീയോദ്പാദനത്തിന്റെ ഒരു ശതമാനത്തിലും കുറച്ചേ പൊതുജനാരോഗ്യ പരിപാടികൾക്ക് നീക്കി വയ്ക്കു

ന്നുള്ളൂ. 2009-2010 ലെ ബഡ്ജറ്റ് നിർദ്ദേശമനുസരിച്ച് കാര്യങ്ങൾ നടന്നാൽ പോലും മൊത്തം ദേശീയോദ്പാദനത്തിന്റെ 0.39 ശതമാനമേ പൊതുജനാരോഗ്യ സംരക്ഷണത്തിന്നു കിട്ടൂ.

വിദ്യാഭ്യാസത്തിന്റെ കഥയും ഇതുതന്നെയാണ്. മൊത്തം ദേശീയോദ്പാദനത്തിന്റെ ആറുശതമനമെങ്കിലും വിദ്യാഭ്യാസത്തിന്ന് നീക്കിവയ്ക്കുമെന്നാണ് പൊതു മിനിമം പരിപാടിയിൽ വാഗ്ദത്തം ചെയ്തിരുന്നത്. എല്ലാവരും അതൊക്കെ മറന്ന മട്ടിലാണ് പെരുമാറുന്നത്. ഇപ്പോഴും മൊത്തം ദേശീയോത്പാദനത്തിന്റെ 0.7% മാത്രമേ വിദ്യാഭ്യാസത്തിന്നായി പൊതുമേഖലയിൽ അനുവദിക്കുന്നുള്ളു. സ്വകാര്യമേഖലയുടെ സംഭാവനകൂടി കണക്കാക്കിയാലും അത് മൂന്നുശതമാനത്തിൽ താഴെയേ വരൂ.

അത്ഭുതമെന്നു പറയട്ടെ, കഴിഞ്ഞ ഗവർമ്മേണ്ട് അഭിമാനപൂർവ്വം ഉയർത്തിപ്പിടിച്ചിരുന്ന ചില പദ്ധതികളുടെ പേരുപോലും ഇക്കൊല്ലത്തെ ബഡ്ജറ്റിലില്ല! സർവ്വശിക്ഷ അഭിയാൻ എന്ന വിദ്യാഭ്യാസ പദ്ധതി, ഉച്ചഭക്ഷണ പദ്ധതി, സമ്പൂർണ്ണ ശുചീകരണ പദ്ധതി എന്നിവയെല്ലാം എവിടെ പോയി? ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇവയൊന്നും പരാമർശിക്കുകപോലും ചെയ്തിട്ടില്ല. അതേസമയം ബാലവേല നിരോധന പദ്ധതി, സംയോജിത ബാല്യസംരക്ഷണ പദ്ധതി തുടങ്ങിയവക്കുള്ള ബഡ്ജറ്റ് വിഹിതം വെട്ടിക്കുറച്ചിരിക്കുന്നതായും കാണുന്നു.

നികുതി പരിഷ്കരണത്തിന്റെ ആവശ്യത്തെപ്പറ്റി ധനകാര്യമന്ത്രി തന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നുണ്ട്. അതൊക്കെ നല്ലതാണ്. എന്നാൽ ഭരണപരിഷ്ക്കാരത്തെപ്പറ്റി മന്ത്രി ഒന്നും പറയുന്നില്ല. ധനവിനിയോഗരീതി പരിഷ്ക്കരിക്കുന്നതിനെപ്പറ്റിയും ഒന്നും പറഞ്ഞിട്ടില്ല. ഭരണപരിഷ്ക്കാരവും ധനവിനിയോഗപരിഷ്ക്കാരവും നടപ്പാക്കാത്ത പക്ഷം, സർക്കാരിന്റെ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് സംസ്ഥാനങ്ങളിൽ തടസ്സം നേരിടും. ജില്ലാ തലത്തിൽ വികേന്ദ്രീകൃതാസൂത്രണത്തിന്ന് ഏർപ്പാടുണ്ടാകണം. ഭരണസംവിധാനത്തിലെ ദൗർബ്ബല്യങ്ങൾ തീർക്കാൻ സംസ്ഥാനങ്ങളെ സഹായിക്കേണ്ടതുണ്ട്.

ഗവർമ്മേണ്ട് മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യമുണ്ട്- മനുഷ്യ വികസന സൂചിക കുണ്ടൻ കിണറിന്റെ അടിയിൽ കിടക്കുമ്പോൾ, കോമൺവെൽത്ത് ഗെയിംസ് നടത്തിയാലൊന്നും ആരുമതിനെ കാര്യമാക്കില്ല. ❑

# നിരുത്തരവാദിത്വത്തിന്റെ പരമകാഷ്ഠം

**എ**ം.പി.മാർക്കുള്ള പ്രേദേശിക വികസന പദ്ധതി പ്രകാരം എം.പി. മാരുടെ ഹിതാനുസരണം സ്ഥിരം ആസ്തികൾ ഉണ്ടാക്കുന്നതിന്ന് ഇപ്പോൾ അനുവദിച്ചുവരുന്ന വാർഷിക ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന് പാർലിമെന്റിൽ പല അംഗങ്ങളും ആവശ്യപ്പെട്ടത് ഒറ്റ നോട്ടത്തിൽ നല്ലൊരു കാര്യമായി തോന്നിയേക്കാം. ഇപ്പോൾ എം.പി. മാർക്ക് അനുവദിക്കുന്ന രണ്ടുകോടി രൂപ അഞ്ചുകോടിയായി വർധിപ്പിക്കണമെന്നാണ് ആവശ്യം. വാസ്തവത്തിൽ ഈ പദ്ധതി സംബന്ധിച്ച പാർലിന്ററി കമ്മിറ്റി കഴിഞ്ഞ ഡിസംബറിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഈ സംഖ്യ പത്തുകോടിയാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. നരസിംഹറാവു പ്രധാനമന്ത്രിയായിരുന്ന കാലത്ത് 1993 ഡിസംബറിലാണ് ഇങ്ങനെയൊരു പദ്ധതി ആദ്യമായി നിലവിൽവ ന്നത്; 1994 ൽ ഇതിന്ന് ബഡ്ജറ്റിൽ പണം അനുവദിക്കുന്നുമുണ്ട്. അന്നുതന്നെ ഇതൊരു അന്യായമായിരുന്നു. ഇത് അഞ്ചുകോടി രൂപയായി ഉയർത്തുക എന്നതിന്നർത്ഥം കൊല്ലത്തിൽ 1600 കോടി അനുവദിക്കുന്നത് 4000 കോടി രൂപയായി ഉയർത്തുക എന്നാണ്.

വ്യക്തികളിൽ നിന്നും പൊതുസ്ഥാപരമങ്ങളിൽനിന്നും മാത്രമല്ല, വ്യവസായ സ്ഥാപിത സ്ഥാപനങ്ങളിൽനിന്നു പോലും വിമർശനം ക്ഷണിച്ചു വരുത്തിയ ഒരു പദ്ധതിയാണിത്. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 2002 ലെ ഒരു റിപ്പോർട്ടിൽ ഇതിൽ പല തകരാറുകളും ചൂണ്ടിക്കാട്ടുകയുണ്ടായി. അനുവദിച്ച ജോലിക്കു വരുന്ന കാലതാമസം മുതൽ പണം ദുരുപയോഗപ്പെടുത്തിയതുവരെ പല വീഴ്ചകളും അതിൽ ചൂണ്ടിക്കാണിച്ചിരുന്നു. നിയോജകമണ്ഡല വികസന നിധിക്ക് അനുവദിക്കുന്ന പണത്തിൽ ഒരു ഭാഗം പാർട്ടി ഫണ്ടിന്നു നൽകണമെന്ന് ഒരു മുഖ്യമന്ത്രി എം.പി. മാരോട് ആവശ്യപ്പെട്ടതായി 2003 ൽ ആരോപണം ഉയർന്നു വരികയുണ്ടായി. പദ്ധതി പ്രകാരമുള്ള പണികൾക്ക് കരാർ നൽകാൻ കമ്മീഷൻ ആവശ്യപ്പെടുന്ന നാലു എം. പി. മാർ ടെലിവിഷൻ ചാനൽ ക്യാമറയിൽ പകർത്തിയത് 2005 ലാണ്. ഇതെല്ലാം ഈ പദ്ധതിക്കാകെ ദുഷ്പേരുണ്ടാക്കി. ഇതിനെപ്പറ്റി അന്വേഷണം നടത്തിയ പാർലിമെന്ററി കമ്മിറ്റിയാകട്ടെ പദ്ധതി ദുരുപയോഗപ്പെടുത്താതിരിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കണമെന്നു മാത്രമാണ് ആവശ്യപ്പെട്ടത്. ❑

വലിയ വലിയ തത്വങ്ങളെല്ലാം പറയുമെങ്കിലും ഈ എം.പി. ഫണ്ട് വെറും പ്രീണന നിധികളല്ലാതൊന്നുമല്ല. പൊതുമുതലിന്റെ ദുർവ്യയമാണിത്. എം.പി. ഫണ്ട് എന്ന ഏർപ്പാട് നിർത്തലാക്കണമെന്നും ആ പണം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നേരിട്ടു നൽകണമെന്നും 2005 ഏപ്രിലിൽ സോണിയാ ഗാന്ധിയുടെ അധ്യക്ഷതയിൽ ചേർന്ന നാഷനൽ അഡ്വൈസറി കൗൺസിൽ നിർദ്ദേശിച്ചിരുന്നതാണ്. വീരപ്പമൊയ്‌ലിയുടെ അധ്യക്ഷതയിലുള്ള രണ്ടാം ഭരണ പരിഷ്കാര കമ്മീഷനും എം.പി. ഫണ്ടിനെ എതിർത്തിരുന്നു. ജനപ്രതിനിധികളുടേത് നിയമനിർമ്മാണാധികാരമാണെങ്കിൽ നിയമം നടപ്പാക്കാനുള്ള അധികാരം എക്സിക്യൂട്ടീവിനാണ്. ഇതുരണ്ടും ഒന്നുച്ചു വരാൻ പാടില്ല. അതിനാൽ എം.പി. ഫണ്ട് എം.എൽ.എ. ഫണ്ട് എന്നീ ഏർപ്പാടുകൾ നിർത്തലാക്കണമെന്ന് മൊയിലി കമ്മീഷൻ നിർദ്ദേശിച്ചു.

വിവിധ രാഷ്ട്രീയ കക്ഷികളുടെ മർമ്മസ്ഥാനത്തിരിക്കുന്നവർക്ക് എം.പി. ഫണ്ടിലും എം.എൽ.എ. ഫണ്ടിലും നിക്ഷിപ്ത താൽപര്യമുണ്ട്. മാർക്സിസ്റ്റ് പാർട്ടിയും കാശ്മീരിലെ ഭീംസിങ്ങിന്റെ നാഷനൽ പാന്തേഴ്സ് പാർട്ടിയും മാത്രമേ ഈ പദ്ധതിയെ ആദ്യന്തം എതിർത്തുവന്നിട്ടുള്ളൂ. എം.പി. ഫണ്ടിന്റെ സാധുതയെ ചോദ്യം ചെയ്യുന്ന പല പൊതു താൽപര്യ ഹർജികളും സുപ്രീം കോടതിയുടെ ഒരു ഭരണഘടനാ ബഞ്ച് മുമ്പാകെ കെട്ടികിടപ്പുണ്ട്. അങ്ങനെയിരിക്കെ എം.പി. ഫണ്ട് രണ്ടുകോടിയിൽനിന്നും അഞ്ചുകോടിയായി ഉയർത്തുക എന്നത് നിരുത്തരവാദിത്വത്തിന്റെ പരമകാഷ്ഠയാണ്. (ഹിന്ദു) ❑

# പണം അനുവദിച്ചാൽ പോരാ, കൊള്ള തടയുകയും വേണം

**- എസ്.എൽ. റാവു -**

**തി**രഞ്ഞെടുപ്പൊന്നുമില്ലാതെതന്നെ, തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഇത്തവണ പാർലിമെന്റിൽ അവതരിപ്പിച്ചത്. അതായത്, ഇക്കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിൽ തങ്ങളെ ജയിക്കാൻ സഹായിച്ചവയെന്ന് ഗവർമ്മേണ്ട് കരുതുന്ന അതേ പദ്ധതികൾ അതേപടി പകർത്തിയിട്ടുള്ള ഒരു ബഡ്ജറ്റാണിത്. പക്ഷെ ഈ പദ്ധതി വിജയിക്കാൻ വേണ്ട ഭരണ പരിഷ്കാരങ്ങളെ ഗവർമ്മേണ്ട് അവഗണിച്ചിരിക്കുന്നു. അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയാലേ ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്വബോധമുണ്ടാകൂ; എന്നാൽ മാത്രമേ പദ്ധതികൾ പ്രായോഗികമായി നടപ്പാക്കാൻ കഴിയൂ. മൂന്നു സാമ്പത്തിക ഉത്തേജക പദ്ധതികൾക്കും കൂടി 2008-09 ൽ 1,86,000 ലക്ഷം കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. അതായത് മൊത്തം ദേശീയോദ്പാദനത്തിന്റെ മൂന്നര ശതമാനം.

2009-10 ൽ സാമ്പത്തികോത്തേജക പദ്ധതികൾക്ക് ഗണ്യമായ തുക കൂടുതൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ പ്രധാനം തൊഴിലുറപ്പു പദ്ധതി പോലെ സാധാരണക്കാരെ സഹായിക്കുന്ന പദ്ധതികളുമാണ്. പക്ഷെ തൊഴിലുറപ്പു പദ്ധതിയുടേയും മറ്റും നടത്തിപ്പ് കാര്യക്ഷമമല്ല. അനുവദിക്കുന്ന തുകയിൽ വലിയൊരു ഭാഗം ചോർന്നു പോകുന്നു. പാവങ്ങളുടെ കൈകളിൽ എത്തുന്നതിനേക്കാളേറെ പണം ചോർന്നു പോകുന്നുണ്ടെന്നാണ് അനുഭവം. ഇത്തരം പദ്ധതികൾക്കു കൂടുതൽ പണം അനുവദിക്കുന്നതിന്നു മുമ്പ് അതിന്റെ നടത്തിപ്പ് കാര്യക്ഷമമാക്കാനാണ് ശ്രമിക്കേണ്ടത്.

ഏതൊരു സാമൂഹ്യക്ഷേമ പദ്ധതിയായാലും ശരി, അതിൽ നല്ലൊരു ഭാഗം ഭരണകൂടത്തിലെ തിരുമാലികൾതട്ടിതിന്നുന്നുണ്ടെന്നത് തീർച്ചയാണ്. ഇതൊഴിവാക്കാനുള്ള ഒട്ടേറെ ഭരണപരിഷ്ക്കാര റിപ്പോർട്ടുകൾ ഗവർമ്മേണ്ടിന്റെ ഈടുവയ്പിൽ പൊടി പിടിച്ചു കിടക്കുന്നുണ്ട്. മുമ്പ് ഒരു ഉദ്യോഗസ്ഥ മേധാവിയായിരുന്നിട്ടും, എവിടെയെല്ലാം തട്ടിപ്പും വെട്ടിപ്പും നടക്കുന്നുവെന്ന് അറിയാവുന്ന ആളായിരുന്നിട്ടും, ഈ ഭരണ പരിഷ്ക്കാരങ്ങളിലൊന്നുപോലും ഇന്നത്തെ പ്രധാനമന്ത്രിയും നടപ്പാക്കുന്നില്ല; ഇന്നെന്നല്ല, ഒരു ഗവർമ്മേണ്ടും ഭരണപരിഷ്കാരം നടപ്പാക്കാൻ മുതിർന്നിട്ടില്ല.

ബഡ്ജറ്റിൽ തൊഴിലുറപ്പു പദ്ധതിക്കു മാത്രമല്ല കൂടുതൽ പണം അനുവദിച്ചിട്ടുള്ളത്. കൃഷി ഗ്രാമീണ ഭവന നിർമ്മാണം, അടിസ്ഥാന സൗകര്യം തുടങ്ങിയവക്കെല്ലാം കൂടുതൽ പണം അനുവദിച്ചിട്ടുണ്ട്. മുൻകാലാനുഭവംവച്ചു പറഞ്ഞാൽ, എല്ലാം എഴുതിവയ്ക്കുമെന്നല്ലാതെ ഒന്നും നടപ്പാക്കാറില്ല. തന്മൂലം ഭൗതിക ആസ്തികൾ വർധിക്കുന്നില്ല; അതുകൊണ്ടുതന്നെ സാമ്പത്തിക വളർച്ചയും ഉണ്ടാകുന്നില്ല. റോഡുകൾ, വീടുകൾ തുടങ്ങിയവ നന്നായി പണി തീർത്താൽ ഗ്രാമീണ ഉല്പാദനക്ഷമത വർധിക്കും. അതു സമ്പദ് വ്യവസ്ഥക്ക് ഉത്തേജകമാകും. ഉദാഹരണത്തിന്ന് ഹൈവേ നിർമ്മാണമെടുക്കാം. നാഷനൽ ഹൈവേ അഥോറിട്ടിയെ മന്ത്രിയുടെ പിടിയിൽനിന്ന് വേർപെടുത്തി സ്വന്തം ഉത്തരവാദിത്വത്തിന്മേൽ പ്രവർത്തിക്കാൻ വിടേണ്ടതായിരുന്നു. അതുണ്ടായില്ല; അതുകൊണ്ട്തന്നെ പദ്ധതി വിജയിച്ചതുമില്ല. അടിസ്ഥാന സൗകര്യ വികസനത്തിന്നുള്ള മറ്റു പദ്ധതികളുടെ കഥയും ഇതുതന്നെയാണ്.

നിർദ്ദിഷ്ട പദ്ധതി ചെലവ്, പത്തു ലക്ഷം കോടി രൂപയാണെന്ന് ധനകാര്യമന്ത്രി അഭിമാനപൂർവ്വം പറഞ്ഞു. ശരി എന്നാൽ ഈ പത്തുലക്ഷം കോടി ഫലപ്രദമായി, ദുർവ്യയം കൂടാതെ, വിനിയോഗിക്കുന്നതിന്നാവശ്യമായ പരിഷ്കാരത്തെപ്പറ്റി അദ്ദേഹം ഒന്നും പറയുന്നില്ല. എന്നാൽ ഈ പത്തുലക്ഷം കോടിയിൽ ഏതാണ്ട് നാലു ലക്ഷം കോടിയും വായ്പാതുകയായിരിക്കും. അതിന്റെ പലിശക്കുതന്നെ രണ്ടേകാൽ ലക്ഷം കോടി വേണ്ടി വരും. പലിശനിരക്ക് കുറഞ്ഞാൽ ഗവർമ്മേണ്ടിന്ന് ആശ്വാസം കിട്ടും. പക്ഷെ ഈ ഭീമമായ വായ്പാതുക നാണ്യപ്പെരുപ്പം വർധിക്കാൻ ഇടയാക്കും. എന്നാൽ പലിശനിരക്കു കുറയ്ക്കാൻ റിസർവ്വ് ബാങ്ക് സമ്മതിക്കാനിടയില്ല. ഗവർമ്മേണ്ട് കൂടുതൽ കൂടുതൽ വായ്പ വാങ്ങുന്നതുമൂലം സ്വകാര്യ മേഖലയുടെ കയ്യിൽ കാശില്ലാതാകും.

സ്വകാര്യ മേഖലയിൽ ഗണ്യമായ മൂലധന നിക്ഷേപമില്ലാതിരിക്കുകയും കയറ്റുമതിയിലെ ക്ഷയം തുടരുകയും അസംസ്കൃത എണ്ണയുടെ വില വർധിച്ചുകൊണ്ടിരിക്കുകയും, ഇറക്കുമതിച്ചെലവ് വർധിക്കുകുയും മഴ ചതിക്കുകയുമാണെങ്കിൽ, സാമ്പത്തിക വളർച്ചക്ക് പൊതു മൂലധന നിക്ഷേപത്തെത്തന്നെ ആശ്രയിക്കേണ്ടി വരും. പക്ഷെ ഇന്ദിരാഗാന്ധിയുടെ വാഴ്ചക്കാലത്ത് അത് നടന്നില്ല; ഇന്നും നടക്കാനിടയില്ല. ഒമ്പതു ശതമാനം സാമ്പത്തിക വളർച്ച എന്നത് ഒരു ദിവാസ്വപ്നമായിത്തീരും.

കേന്ദ്രഗവർമ്മേണ്ടിന്റെ സാമ്പത്തിക കമ്മി 6.85 ശതമാനമായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. സംസ്ഥാനങ്ങളുടെ കമ്മികൂടിയാകുമ്പോൾ അത് 10.8 ന്റെ അടുത്തെത്തും. 1991 ലെ പ്രതിസന്ധി കാലഘട്ടത്തേക്കാൾ രൂക്ഷമാണിത്. ബ്രിട്ടനും അമേരിക്കക്കുമെല്ലാം വമ്പിച്ച കമ്മികളുണ്ടെന്നത് നമുക്കൊരാശ്വാസമാകില്ല; നമ്മുടെ കമ്മി യഥാർത്ഥത്തിൽ ഈ പറയുന്നതിനേക്കാളെല്ലാം വളരെ വലുതാണ്. ഇപ്പോഴെന്നല്ല മുമ്പും കമ്മി കുറച്ചു കാണിക്കുകയാണിവിടെ ചെയ്യുന്നത്. ചില്ലറ വില്പന വില തഴ്ത്തിനിർത്താനായി പല സബ്സിഡികളും കുറച്ചു കാണിക്കാറുണ്ട്.

കമ്മി കൂടാനിടയുണ്ട് എന്നതുമാത്രമല്ല പ്രശ്നം, ഖജനാവിലെ പണം ചെലവഴിക്കുന്നത് കാര്യക്ഷമമാണോ എന്നു നോക്കാൻ ഇവിടെ ആളില്ല. കള്ളന്മാരെ കയ്യോടെ പിടികൂടിയാൽ തന്നെ ശിക്ഷിക്കാനും ഇവിടെ വ്യവസ്ഥയില്ല. രാഷ്ട്രീയ നേട്ടമുണ്ടാക്കാൻ വോട്ടു പിടുത്തത്തിനുള്ള ബഡ്ജറ്റാണിത്. ചെലവാക്കുന്ന പണത്തിന്ന് ആർക്കുമില്ല ഒരു ഉത്തരവാദിത്വവും. ❑

# വന്യജീവികൾക്ക് അല്പം ആശ്വാസമേകുന്ന വിധി

**- എസ്. തിയോഡോർ ഭാസ്കരൻ -**



**ബ**ന്ദിപ്പൂർ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലൂടെ രാത്രി വാഹനമോടിക്കാൻ പാടില്ലെന്ന കർണ്ണാടക ഹൈക്കോടതിയുടെ ജൂൺ 27ലെ വിധി ദീർഘകാലമായി നിലനിന്നുവരുന്ന ഒരു വിവാദത്തിന് അറുതിവരുത്തിയിരിക്കുന്നു. ബന്ദിപ്പൂർ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലൂടെയുള്ള റോഡ് - NH 212 - തൊട്ടുകിടക്കുന്ന മറ്റുരണ്ടു വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിൽകൂടി കടന്നുപോകുന്ന ഒന്നാകയാൽ, കർണ്ണാടക ഹൈക്കോടതിയുടെ ഈ വിധി ബന്ദിപ്പൂർ വന്യമൃഗ സംരക്ഷണകേന്ദ്രത്തിന്നു പുറമെ തമിഴ് നാട്ടിലെ മുതുമല വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്നും കേരളത്തിലെ വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്നും കൂടി ബാധകമാകും.

കാട്ടിൽക്കൂടി കടന്നുപോകുന്ന റോഡുകളിൽ വന്യമൃഗങ്ങളെ ഇടിച്ചു തെറിപ്പിക്കുന്നത് സർവ്വസാധാരണയാണ്. കഴിഞ്ഞ ഫെബ്രുവരിയിലെ ഒരു പ്രഭാതത്തിൽ ഞങ്ങൾ കൂണൂരിൽനിന്ന് കോടഗിരിക്കു പോകുമ്പോൾ ഏതോ വാഹനമിടിച്ച് ചത്ത വെരുകിനെ കാണുകയുണ്ടായി. വെരുകുകൾ പല തരമുണ്ട്. അത്യപൂർവ്വ ഇനത്തിൽപെട്ട ബ്രൗൺസിവെറ്റ് ക്യാറ്റ് ആയിരുന്നു റോഡിൽ കിടന്ന് പിടഞ്ഞിരുന്നത്. പശ്ചിമ ഘട്ടത്തിൽ മാത്രം കാണപ്പെടുന്ന ഒരുതരം രാത്രീഞ്ചരനായിരുന്നു അത്. കുറച്ചുകാലംമുമ്പ് കാർവാറിൽകൂടി കാറോടിച്ചു പോകുമ്പോഴും ഇങ്ങനെ ഒരനുഭവമുണ്ടായി. അത് മലബാർ സിവെറ്റ് എന്നറിയപ്പെടുന്ന തരത്തിൽപെട്ടതായിരുന്നു. അതിന്നു വംശനാശം സംഭവിച്ചുവെന്നു തോന്നുന്നു. പിന്നീട് അത്തരത്തിലൊന്നിനെ കണ്ടിട്ടില്ല.

ഒരു വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽകൂടി റോഡുണ്ടാക്കുമ്പോൾ വന്യമൃഗങ്ങൾക്ക് ജീവാപായം സംഭവിക്കുന്നത് ഒരു പ്രശ്നം മാത്രമാണ്. വന്യമൃഗങ്ങളുടെ ആവാസകേന്ദ്രത്തെ ഏതു റോഡും രണ്ടായി വിഭജിക്കും. ഭക്ഷണവും തേടി അലയുമ്പോൾ അവയ്ക്ക് ഈ റോഡുകൾ മുറിച്ചുകടക്കേണ്ടിവരും. വെള്ളം തേടിയും ഇണയെ തേടിയുമെല്ലാം അലഞ്ഞുനടക്കേണ്ട ജീവികളാണ് വന്യജീവികൾ. അതിനെല്ലാം റോഡുകൾ തടസ്സമായിത്തീരുന്നു. വന്യജീവികൾ പലപ്പോഴും കൂട്ടംകൂട്ടമായി കുടിയേറ്റം നടത്താറുണ്ട്. ഒറ്റയാൻമാർ വാഹനം കണ്ടാലോ ശബ്ദം കേട്ടാലോ പേടിച്ചോടിയെന്നുവരും. മൃഗങ്ങൾ കൂട്ടമായി സഞ്ചരിക്കുമ്പോൾ പേടിച്ചോടില്ല. അപ്പോൾ അപകടം തീർച്ച.

അനാദികാലംമുതൽ മനുഷ്യസ്പർശമേൽക്കാതെ നിൽക്കുന്ന വനങ്ങൾ റോഡു വരുന്നതോടെ മനുഷ്യരുടെ കൂത്താട്ടരംഗമായി മാറുന്നു. അതോടെ കാടിന്റെ സ്വഭാവംതന്നെ മാറും. കാടു കാണാൻ ഇറങ്ങുന്നവരുടെ അശ്രദ്ധമൂലം പലപ്പോഴും കാട്ടുതീ പടർന്നുപിടിക്കാറുണ്ട്. അതിനേക്കാൾ കഷ്ടമാണ് വളർത്തു മൃഗങ്ങളുടെ ആക്രമണം. വളർത്തുമൃഗങ്ങൾ തീറ്റതേടി കാട്ടിൽ കയറുകയും പകർച്ചവ്യാധികൾക്ക് കാരണമാകുകയും ചെയ്യുന്നു. കുറച്ചുകാലം മുമ്പ് മുതുമല-ബന്ദിപ്പൂർ മേഖലയിൽ കുളമ്പുരോഗംമൂലം വ്യാപകമായി വന്യമൃഗങ്ങൾ ചത്തൊടുങ്ങിയത് ഉദാഹരണം. വളർത്തുമൃഗങ്ങൾക്ക് അവയുടേതായ പ്രതിരോധശേഷിയുണ്ടാകും. വന്യമൃഗങ്ങൾക്ക് അത്തരം പ്രതിരോധശേഷിയുണ്ടാവില്ല. ഇതിനെല്ലാം പുറമെ കാട്ടിലേക്ക് റോഡ് വരുമ്പോൾ വൻകിട കമ്പനികൾക്ക് വനസമ്പത്ത് കൊള്ളയടിക്കുക എളുപ്പമായിത്തീരുന്നു.

കാട്ടിലെ റോഡുകളെ കടലിലെ കിനാവള്ളികളുടെ കൈകളെപ്പോലെയാണ് താൻ കാണുന്നതെന്ന് പ്രസിദ്ധ വന്യജീവി ശാസ്ത്രജ്ഞനായ ഉല്ലാസ് കരന്ത് വിശേഷിപ്പിക്കുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം പശ്ചിമഘട്ടത്തിൽ ഒട്ടേറെ ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചു. അതിന്നായി ഓരോ അണ കെട്ടിയപ്പോഴും വനത്തിന്റെ ഒരു ഭാഗത്തെ സംഹരിച്ചു. പല റോഡുകളും ആവശ്യമായിരിക്കാം. എന്നാൽ ഗുവാഹതിയിൽനിന്ന് മസീരംഗ നാഷനൽ പാർക്കിലൂടെ ജോറട്ടിലേക്കു നിർമ്മിച്ചതുപോലുള്ള റോഡുകളുടെ നിർമ്മാണം പരിസ്ഥിതിയെക്കുറിച്ച് എന്തെങ്കിലും ബോധമുണ്ടാകുന്നതിന്നു മുമ്പായിരുന്നു.

ചില വന്യമൃഗ സങ്കേതങ്ങളിൽ സന്ധ്യയോടെ വാഹനഗതാഗതം തടയും; അതല്ലെങ്കിൽ വേറൊരു ഗതാഗത മാർഗ്ഗം നിശ്ചയിക്കും. നാഗർഹോൾ നാഷനൽ പാർക്കിന്റെ നടവിലൂടെ പോകുന്ന ഹൈവേക്കു പകരം വേറൊരു മാർഗ്ഗം നിർദ്ദേശിച്ചിട്ടുണ്ട്. നാഗർ ഹോളിനെ സ്പർശിക്കാതെ പോകുന്ന റോഡാണിത്. പ്രശ്നം സുപ്രീം കോടതിവരെ എത്തി. സുപ്രീം കോടതിയുടെ എംപവേർഡ് കമ്മിറ്റി ഇതംഗീകരിച്ചു. പുതിയ വഴിക്ക് യാത്ര ചെയ്യാൻ മൂന്നു കിലോമീറ്റർ മാത്രമേ അധികദൂരമുള്ളൂ.

പുതുതായി നിർമ്മിക്കുന്ന റോഡൊന്നും കാട്ടിൽകൂടിയാകരുതെന്ന് കോടതി കല്പിച്ചിട്ടുണ്ട്. കർണാടകത്തിലെ പുഷ്പഗിരി വന്യമൃഗ സങ്കേതത്തിലൂടെ ഒരു റോഡ് നിർമ്മിക്കാനുള്ള നിർദ്ദേശം കോടതി തിരിച്ചയച്ചു. തമിഴ് നാട്ടിലെ പാപനാശത്തെ തിരുവനന്തപുരവുമായി ബന്ധിപ്പിക്കുന്ന ഒരു റോഡിന്ന് നിർദ്ദേശമുണ്ടായിരുന്നു. ഭാഗ്യവശാൽ അതു വേണ്ടെന്നുവച്ചു. സത്യമംഗലം കാട്ടിൽകൂടി ഒരു റെയിൽവേലൈൻ നിർമ്മിക്കാനും നിർദ്ദേശമുണ്ട്. ഗിർ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലൂടെയും രാജാജി നാഷനൽ പാർക്കിലൂടെയുമുള്ള ലൈനുകൾ ഒട്ടേറെ മൃഗങ്ങളെ കൊല്ലുന്നുണ്ട്. കോയമ്പത്തൂരിന്നും പാലക്കാടിന്നുമിടക്കുള്ള ലൈൻ ഏഴു ആനകളെയെങ്കിലും കൊന്നതും മറക്കരുത്. ❏

# ഇഷ്റാത് ജഹാനെ വെറുതെ വെടിവച്ചു കൊന്നതാണ്!

2004 ജൂൺ 15ന്ന് അഹമ്മദാബാദിന്നടുത്തുവച്ച് ഇഷ്റാത് ജഹാനേയും വേറെ മൂന്നു പേരേയും ഏറ്റുമുട്ടലിൽ വധിച്ചുവെന്നു പറയുന്നത് ശുദ്ധ നുണയാണെന്നും, അവരെ വെറുതെ വെടിവച്ചു കൊന്നതാണെന്നും അഹമ്മദാബാദ് മെട്രോപൊലിറ്റൻ മജിസ്ട്രേട്ട് തന്റെ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയതോടെ, മുഖ്യമന്ത്രി മോഡിയും അദ്ദേഹത്തിന്റെ ഏറ്റുമുട്ടൽ വിദഗ്ദ്ധന്മാരും വല്ലാത്തൊരു കെണിയിൽ അകപ്പെട്ടു.

ഗുജറാത്ത്, മഹാരാഷ്ട്ര, ആന്ധ്ര, ബീഹാർ, കാശ്മീർ തുടങ്ങിയ പല സംസ്ഥാനങ്ങളിലും "ഏറ്റുമുട്ടൽ" സാധാരണയാണ്. കൊല്ലപ്പെടുന്നത് ഭീകരന്മാരോ തീവ്രവാദികളോ ആകണമെന്നൊന്നുമില്ല. പോലീസുദ്യോഗസ്ഥന്മാർക്ക് അനർഹമായി പ്രമോഷൻ ലഭിക്കുന്നതിന്നും, പാരിതോഷികങ്ങൾ ലഭിക്കുന്നതിന്നും, ഗവർമ്മേണ്ടിന്റെ ദൃഷ്ടിയിൽ "മിടുക്ക"നാണെന്ന് വരുത്തുന്നതിന്നുവേണ്ടിയും മറ്റും ഇത്തരം സംഘട്ടനങ്ങൾ സംഘടിപ്പിക്കാറുണ്ട്. വെറുതെ ആളുകളെ പിടിച്ചുകൊണ്ടുപോയി വെടിവച്ചു കൊന്നശേഷം സംഘടനത്തിൽ മരിച്ചതാണെന്നു പറഞ്ഞാൽ, അതല്ലെന്നു പറയാൻ അധികം പേരൊന്നും ഉണ്ടാകില്ല. പോരെങ്കിൽ മജിസ്ത്രേട്ടിന്റെ ഒരു സാക്ഷ്യപത്രം കൂടി ഉണ്ടായാൽ പ്രശ്നം തീർന്നു.

ഇഷ്റത്ത് ജഹാന്റെ കേസും അങ്ങനെ അവസാനിക്കേണ്ടതായിരുന്നു. കേന്ദ്ര ഗവർമ്മേണ്ട് ഈയിടെ ക്രിമിനൽ നിയമത്തിൽ ഒരു ഭേദഗതി വരുത്തി. മജിസ്ത്രേട്ടുമാരിൽ പലരും പോലീസിന്റെ പാവകളായിരിക്കും. അസ്വാഭാവിക മരണം നടന്നാൽ ജൂഡീഷ്യറിയുടെ ഒരു ഭാഗമായ ചീഫ് മെട്രോപോലീറ്റൻ മജിസ്ട്രേറ്റിന്റെ സാക്ഷ്യപത്രം തന്നെ വേണമെന്ന് നിയമത്തിൽ ഭേദഗതി വരുത്തി. അത് ഓർക്കാതെ പോയതാണ് മോഡിക്കും കൂട്ടർക്കും വിനയായി തീർന്നത്.

ഈ കേസിന് ഒരുപാട് പഴക്കമുണ്ട്. അതിൽതന്നെ ഒരുപാട് സങ്കീർണ്ണതകളുമുണ്ട്. എല്ലാം വേർതിരിച്ചെടുക്കുക എളുപ്പമല്ല. ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമത്തിലെ എം.ആർ. ഗോപി



ഇഷ്റാത് ജഹാൻ

നാഥ പിള്ളയിൽനിന്ന് നമുക്ക് തുടങ്ങാം. ഭാരത് ഹെവി ഇലക്ട്രിക്കൽസിലെ ജീവനക്കാരനായിരുന്ന പിള്ളക്ക് 69 വയസ്സുകഴിഞ്ഞു ഇദ്ദേഹത്തിന്റെ ഒരു മകൻ പ്രാണേശ് കുറെ കാലം പൂനയിലായിരുന്നു. അവിടെ അദ്ദേഹം ഒരു പ്രേമകുടുക്കിൽ പെട്ടു. സ്നേഹിക്കുന്ന പെണ്ണിനെ വിവാഹം കഴിക്കണമെങ്കിൽ മതം മാറണമെന്ന സ്ഥിതി വന്നു. അങ്ങനെ പ്രാണേശ്, ജവേദ് ഷേഖ് എന്ന പേരിൽ പ്രത്യക്ഷപ്പെടുന്നു.

ജവേദ് കുറച്ചുകാലം ഗൾഫിലായിരുന്നു. ഗൾഫിൽനിന്ന് മടങ്ങിയതിന്നുശേഷം ആദ്യം സുഗന്ധദ്രവ്യ വ്യാപാരത്തിലാണ് ജവേദ് ഏർപ്പെട്ടത്. പിന്നീട് പൂനയിൽ ഒരു ട്രാവൽ ഏജൻസി ആരംഭിച്ചു. ഈ ഘട്ടത്തിലാണ് ഇഷ്റാത്തുമായി പരിചയപ്പെടുന്നത്. ഇഷ്റാത്തിന്റെ അഛൻ 2002ൽ മരിച്ചിരുന്നു. ഇഷ്റാത്ത് പലവിധ ജോലികളിലും ഏർപ്പെട്ടാണ് അമ്മയെ സഹായിച്ചു വന്നിരുന്നത്. ഇഷ്റാത്തിന്ന് നാലു സഹോദരിമാരും രണ്ട് സഹോദരന്മാരുമുണ്ട്. 19 വയസ്സുണ്ടായിരുന്ന ഇഷ്റാത്ത് ബി.എസ്.സി. രണ്ടാം വർഷ വിദ്യാർത്ഥിനിയായിരുന്നു. പ്രസിദ്ധമായ ഒരു ടൂട്ടോറിയലിൽ അവർ പഠിപ്പിച്ചിരുന്നു. 2004 ജൂൺ 12ന്ന് പോലീസ് റാഞ്ചികൊണ്ടുപോകുന്നതിന്ന് ഒരു ദിവസം മുമ്പാണ് ഇഷ്റാത്ത് ഒരു വിദ്യാഭ്യാസ സ്കോളർഷിപ്പിന്ന് അപേക്ഷിച്ചത്. അതിന്നും പുറമെ ജവേദ് നടത്തിയിരുന്ന ട്രാവൽ ഏജൻസിയിലും ഇഷ്റാത്ത് പാർട്ട് ടൈമായി ജോലി ചെയ്തിരുന്നു.

ഗുജറാത്ത് ഗവർമ്മേണ്ടിന്നു പറ്റിയ ഒരു "വിഡ്ഢിത്ത"മാണ് ഗവർമ്മേണ്ടിനെ വെട്ടിലാക്കിയത്. ക്രമിനൽ നടപടി ക്രമത്തിലെ 176-ാം വകുപ്പനുസരിച്ച് ഇഷ്റാത്തിന്റെയും മറ്റും വധം ഒരു സബ് ഡിവിഷൻ മജിട്രേട്ടിനെകൊണ്ട് നടത്തിക്കാമായിരുന്നു. അപ്പോൾ പ്രശ്നം ഒന്നും ഉണ്ടാകില്ലായിരുന്നു. സബ് ഡിവിഷനൽ മജിട്രേട്ട് എക്സിക്യൂട്ടീവിന്റെ ഒരു ഭാഗമാണ്. പോലീസ് വിരൽ വച്ചേടത്ത് അദ്ദേഹം ഒപ്പിട്ടു കൊടുക്കുമായിരുന്നു. എന്നാൽ നിയമം ഭേദഗതി ചെയ്തപ്പോൾ സ്ഥിതിയാകെ മാറി. മെട്രോപോളിറ്റൻ മജിട്രേട്ട് എന്നത് ജൂഡീഷ്യറിയുടെ ഒരു ഭാഗമാണ്. പോലീസ് വിരൽ വച്ചേടത്ത് മെട്രോപോളീറ്റൻ മജിസ്ട്രേട്ട് ഒപ്പിട്ടില്ല. യഥാവിധിയുള്ള അന്വേഷണ റിപ്പോർട്ടാണ് അദ്ദേഹം സമർപ്പിക്കുക.

ക്രൈം ബ്രാഞ്ച് പതിവനുസരിച്ചുള്ള മജിസ്റ്റീരിയൽ അന്വേഷണ റിപ്പോർട്ടിന്നാണ് ആവശ്യപ്പെട്ടിരുന്നത്. അപ്പോഴേക്കും മനുഷ്യാവകാശ പ്രസ്ഥാനക്കാർ ബഹളം കൂട്ടിതുടങ്ങിയിരിന്നു. പോലീസിന്റെ അതിക്രമത്തിന്ന് മേലൊപ്പു വച്ചുകൊടുക്കാൻ ഒരു മജിസ്ട്രേട്ടും തയ്യാറായില്ല. എല്ലാവരും ഓരോരോ ഒഴിവുകഴിവുകൾ പറഞ്ഞു തടി രക്ഷിച്ചു. കാര്യം നീണ്ടുപോയാൽ അത്രയും നല്ലത് എന്ന് പോലീസും കരുതിയിരിക്കണം. അങ്ങനെ നാലു കൊല്ലം കടന്നുപോയി. അതിന്നിടയിൽ നിയമ ഭേദഗതി വന്നു.

അങ്ങനെ ആഗസ്റ്റ് 12ന്ന് ക്രൈം ബ്രാഞ്ചുകാർ മെട്രോപോലിറ്റൻ മജിട്രേട്ടിനോട് "സത്വരം" അന്വേഷണം നടത്താൻ ആവശ്യപ്പെട്ടു. അങ്ങനെ അത് കൈമാറി കൈമാറി എസ്.പി. തമാങ്ങിന്റെ കയ്യിൽ വന്നുപെട്ടു. അദ്ദേഹം യഥാവിധി അന്വേഷണം നടത്തി ഈ സെപ്തംബർ 7ന്നു തന്നെ റിപ്പോർട്ട് സമർപ്പിച്ചു.

കൈകൊണ്ടെഴുതിയ 243 പേജുകളടങ്ങിയതാണ് തമാങ്ങിന്റെ അന്വേഷണ റിപ്പോർട്ട്. ഇഷ്റാത്ത് ജഹാനും മറ്റു മൂന്നുപേരും സംഘട്ടനത്തിൽ കൊല്ലപ്പെട്ടുവെന്ന പോലീസിന്റെ അവകാശവാദത്തെ പാടെ നിരാകരിക്കുന്ന ഒന്നാണ് തമാങ്ങിന്റെ റിപ്പോർട്ട്. ഗുജറാത്ത് പോലീസിലെ ഏറ്റുമുട്ടൽ വിദഗ്ദ്ധനായി അറിയപ്പെടുന്ന ഡി.ജി. വൻസാരയും മറ്റും ചേർന്ന് സംഘടിപ്പിച്ച കൊടും ക്രൂമായ കൊലപാതകമാണിതെന്ന് റിപ്പോർട്ടിൽ പറയുന്നു. (ഈ വൻസാര മറ്റൊരു കേസിൽപെട്ട് ഇപ്പോൾ ജയിലിലാണ്)

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-09-2009

പോലീസുകാർ അവരുടെ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടിയും ഉദ്യോഗകയറ്റം കിട്ടാൻ വേണ്ടിയും മുഖ്യമന്ത്രി മോഡിയുടെ പ്രീതി സമ്പാദിക്കാനായും ഒട്ടേറെ കൃത്രിമ സംഘട്ടനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇത്തരം കൃത്രിമ സംഘട്ടനങ്ങൾ സംഘടിപ്പിച്ചവരുടെ പേർ വിവരം തന്നെ രണ്ടു പേജ് വരും. വൻസാരക്കു പുറമെ ക്രൈം ബ്രാഞ്ചിലെ അദ്ദേഹത്തിന്റെ ഡെപ്യൂട്ടിയായിരുന്ന എൻ.കെ. അമീൻ, അഹമ്മദാബാദ് പോലീസ് കമ്മീഷണർ കെ..ആർ. കൗശിക്, അന്നത്തെ ക്രൈം ബ്രാഞ്ച് തലവനായിരുന്ന പി.പി. പാണ്ഡെ എന്നിവരെല്ലാം ഈ ലിസ്റ്റിൽ പെടുന്നു.

ഇഷ്റാത്തിനേയും മറ്റു മൂന്നുപേരേയും മുംബായിൽനിന്ന് റാഞ്ചിക്കൊണ്ടുവന്നത് 2004 ജൂൺ 12ന്നാണ്. അവരെ അഹമ്മദാബാദിൽകൊണ്ടുവന്ന് ജൂൺ 14ന്ന് രാത്രിയാണ് വെടിവെച്ചുകൊന്നത്. ജൂൺ 15ന്ന് സംഘട്ടനത്തിൽ മരിച്ചുവെന്നാണ് പോലീസ് അവകാശപ്പെടുന്നത്. പക്ഷെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ തലേദിവസം രാത്രി 11ന്നും 12ന്നും ഇടക്കു മരിച്ചുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സംഘട്ടനം നടന്നുവെന്നു വരുത്താൻ ഇഷ്റാത്തിന്റെ ശരീരത്തിൽ അനേകം വെടിയുണ്ടകൾ കയറ്റിയിട്ടുണ്ട്. ഇഷ്റാത്തും മറ്റും സഞ്ചരിച്ചിരുന്ന കാറിൽ തോക്ക്, കൈബോംബ് തുടങ്ങിയ ആയുധങ്ങൾ കൊണ്ടുപോയി വച്ചതാണ്. കാറിൽ കണ്ട കൈത്തോക്ക് അനേകം കാലമായി ഉപയോഗിക്കാതെ തുരുമ്പുപിടിച്ചതാണ്. "ഭീകരന്മാർ"വെടിവർഷം നടത്തിയതിനാലാണ് തങ്ങൾക്ക് വെടിവയ്ക്കേണ്ടി വന്നതെന്ന് പോലീസ് പറയുന്നുണ്ട്. എന്നാൽ ഒരൊറ്റ പോലീസുകാരന്നുപോലും ഒരു പോറൽപോലുമേറ്റിട്ടില്ല. മാത്രമല്ല, അടുത്തുള്ള മരങ്ങളിലോ വാഹനങ്ങളിലോ ഒരു വെടിയുണ്ട തറച്ചതായും കാണുന്നില്ല.

അത്ഭുതമെന്നു പറയട്ടെ, ഈ വക കാര്യങ്ങൾ പുറത്തുകൊണ്ടുവന്നത് ഇഷ്റാത്തിന്റെ കുടുംബാംഗങ്ങളല്ല. പാവങ്ങളായ അവർ ജീവിക്കാൻതന്നെ കഷ്ടപ്പെടുകയാണ്.

ജവേദായി മതം മാറിയ പ്രാണേശിന്റെ അച്ഛൻ ഗോപിനാഥപിള്ള ഗുജറാത്ത് ഹൈക്കോടതിയിലുള്ള ഇതു സംബന്ധിച്ച ഒരു കേസിൽ കക്ഷി ചേർന്നിരുന്നു. അദ്ദേഹത്തിന്റെ വക്കീൽ മുകുൾ സിംഹയാണ് മെട്രോപൊളിറ്റൻ മജിസ്ട്രേട്ട് റിപ്പോർട്ട് സമർപ്പിച്ചതായി ആദ്യം അറിഞ്ഞത്. അദ്ദേഹം റിപ്പോർട്ടിന്റെ ഒരു കോപ്പി കിട്ടാൻ പണം കെട്ടി അപേക്ഷ സമർപ്പിച്ചു. അന്നുതന്നെ കോപ്പി കിട്ടുകയും ചെയ്തു. അതോടെ ഭീകരമായ ഒരു ഏറ്റുമുട്ടലിന്റെ കഥ പുറത്തുവന്നു.

ജവേദിനെ ഒരു ഗുണ്ടയായി ഗുജറാത്ത് പോലീസ് ചിത്രീകരിക്കുന്നുണ്ടെങ്കിലും അതിൽ വാസ്തവമൊന്നുമില്ല. ഭാര്യ സജിദയും കുട്ടികളും വെക്കേഷൻ കാലത്ത് നൂറനാട്ടുള്ള തറവാട്ടിൽ വരാറുണ്ട്. അവരെപ്പറ്റി നല്ലതു മാത്രമേ ഗോപിനാഥപിള്ളക്കു പറയാനുള്ളൂ. 2004ൽ ഭാര്യ സജിദയും കുട്ടികളും ഗോപിനാഥ പിള്ളയുടെ കൂടെയാണ് വെക്കേഷൻ ചെലവഴിച്ചത്. 2004 മെയ് 31ന്ന് അവരെ യാത്രയയച്ചതാണ്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.